# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.15
No.7
കാർത്തികപ്പള്ളി
R.No. 7361/02
2015 JULY

*e-paper : vedabhimani*

## ബാർബി വെറും കളിപ്പാവയല്ല




ഒരാളുടെ കൈയിലെ കളിപ്പാവയാകുകയെന്നാൽ പ്രതികരണശേഷി ഇല്ലാത്തവനാകുക, സ്വന്തമായി അഭിപ്രായമില്ലാതെയാകുക എന്നൊക്കെയാണർത്ഥം. എന്നാൽ ഇതൊക്കെ ഇനി മാറിയാലും അത്ഭുതം വേണ്ട. അമേരിക്കയിലെ മാത്തെൽ എന്ന കമ്പനി പുറത്തിറക്കുന്നതു ഉടമയോടു തർക്കുത്തരം പറയാനും മടിയില്ലാത്ത ബാർബി ഡോളുകളായിരിക്കും. ഈ ബാർബിയോടു ഒന്നും ഒളിക്കാനാവില്ല. തന്റെ മുന്നിൽവച്ചു നടത്തുന്ന സംഭാഷണങ്ങൾ കേട്ടു പഠിക്കുകയും ഇവയുടെ അടിസ്ഥാനത്തിൽ ചോദ്യങ്ങൾക്കു ഉത്തരം പറയുകയുമൊക്കെ ചെയ്യാനുള്ള കഴിവ് ഈ പാവകൾക്കുണ്ട്. ഇതു കുട്ടികൾക്കു കൂടുതൽ ഉല്ലാസം പകരുമെന്നാണു കമ്പനിയുടെ വാദമെങ്കിലും സ്വകാര്യതയുടെ മേലുള്ള കടന്നുകയറ്റമായാണു മുതിർന്നവർ ഇതിനെ കാണുന്നത്. കുട്ടികൾ പാവയുടെ സാന്നിധ്യത്തിൽ പറയുന്ന കാര്യങ്ങൾ റെക്കോർഡ് ചെയ്തു വേണമെങ്കിൽ അച്ഛനമ്മമാർക്കു ഇമെയിൽ വഴി അയച്ചു കൊടുക്കാനും തങ്ങൾ റെഡിയാണെന്നു കമ്പനി പറഞ്ഞു. ഇതു കുട്ടികളുടെ തെറ്റുതിരുത്താനും നന്നായി വളർ ത്താനും ഉപകരിക്കുമത്രേ.

## പൊൻമുട്ടയിടുന്ന കോഴി

പൊൻമുട്ടയിടുന്ന താറാവ് എന്നൊക്കെ കേട്ടിട്ടില്ലേ. ഇംഗ്ലണ്ടിൽ ഈ താറാവിനെ ഒരു കോഴി കടത്തിവെട്ടി. എസെക്സിലെ ലാച്ചിംഗ്ഡണിൽ സ്വർണത്തിനേക്കാൾ വിലയ്ക്കാണ് ഒരു കോഴിമുട്ട വിറ്റുപോയത്. സാധാരണ ദീർഘവൃത്താകൃതിയിൽ നിന്നു വ്യത്യസ്ഥമായി, ഗോളാകൃതിയിലുള്ള മുട്ടയാണ് റിക്കാർഡ് വിലയ്ക്ക് വിറ്റഴിഞ്ഞത്.

കിം ബ്രോട്ടൺ എന്ന യുവതിയുടെ വളർത്തുകോഴിയാണ് മുട്ടയിലൂടെ ലോകപ്രശസ്തയായത്. കേക്ക് ഉണ്ടാക്കാനായി കൈയിലെടുത്തപ്പോഴാണ് കിം മുട്ടയുടെ ആകൃതി ശ്രദ്ധിക്കുന്നത്. ചിത്രം പകർത്തി ഉടൻതന്നെ ഫേസ്ബുക്കിലും ഇവർ പോസ്റ്റ് ചെയ്തു. ശേഷം മുട്ട പൊട്ടിക്കാൻ തുടങ്ങിയപ്പോഴേക്കും ചിത്രത്തിന് പ്രതികരണങ്ങളും വന്നു തുടങ്ങിയിരുന്നു.

മുട്ട പൊട്ടിക്കരുത്, ഇത് അപൂർവമായ ഒന്നാണ് എന്ന് ധാരാളം ആളുകൾ കിമ്മിനെ അറിയിച്ചു. അതോടെ ഇവർ മുട്ട പൊട്ടിക്കാതെ ഇന്റർനെറ്റിൽ ലേലത്തിനു വയ്ക്കുകയായിരുന്നു. 480 പൗണ്ടിനാണ് (45,600 രൂപ) ഈ അപൂർവ മുട്ട ഒരാൾ ലേലത്തിൽ വാങ്ങിയത്. കിട്ടിയ തുക സിസ്റ്റിക് ഫൈബ്രോസിസ് ട്രസ്റ്റിനു സംഭാവ ചെയ്യുമെന്ന് കിം അറിയിച്ചു. സിസ്റ്റിക് ഫൈബ്രോസിസ് രോഗം മൂലം സുഹൃത്തിന്റെ മകൻ മരിച്ചതിനെ തുടർന്നാണ് തുക ജീവകാരുണ്യ പ്രവർത്തനത്തിന് ഉപയോഗിക്കാൻ ഇവർ തീരുമാനിച്ചത്.



## ത്രിമൂർത്തികൾക്കു മാംഗല്യം...

രൂപത്തിലും ജന്മദിനത്തിലും മാത്രമല്ല, വിവാഹത്തിന്റെ കാര്യത്തിലും ഇവർ ഒരുപോലെയായിരിക്കുകയാണ്. തെക്കൻ ബ്രസീലിൽ നിന്നുള്ള ഈ ത്രിമൂർത്തികൾ, വിവാഹം ചെയ്യുന്നതും ഒരേപോലെയിരിക്കുന്ന മൂന്നു ചെറുപ്പക്കാരെയാണ്. ഒറ്റ പ്രസവത്തിലുണ്ടായ മൂവർ സഹോദരിമാരായ റഫേലിയ, റോഷേൽ, ടാഗിയാൻ ബിനി എന്നിവരുടെ വിവാഹം കഴിഞ്ഞ ദിവസമാണു നടന്നത്. റാഫേൽ, ഗബ്രിയേൽ, എഡ്യൂവാർഡോ എന്നിവരായിരുന്നു മണവാളന്മാർ. വിവാഹവസ്ത്രത്തിലെ ചെറിയൊരു നിറവ്യത്യാസം മാത്രമായിരുന്നു, 29 വയസുള്ള മണവാട്ടിമാരെ തിരിച്ചറിയാനുള്ള ഏക സൂചന. വിവാഹവേദിയിൽ വ്യത്യസ്തരാകാൻ വേണ്ടി മൂവരും വ്യത്യസ്തമായ മേക്കപ്പുകളും ഹെയർ സ്റ്റൈലുകളും പരീക്ഷിച്ചിരുന്നു. എന്നിട്ടും വേദിയിൽ എത്തിച്ചേർന്ന പലർക്കും ഇവരെ മാറിപ്പോയിരുന്നു. ഭാഗ്യത്തിന് പരസ്പരം മാറിപ്പോകാതെ മൂവർ ജോഡികളുടെ വിവാഹം മംഗളമായി നടന്നു. കർഷകനായ പെഡ്രോയുടെ ഭാര്യ സലൈറ്റിന്റെ രണ്ടാമത്തെ പ്രസവത്തിലാണു മൂന്നുകുട്ടികൾ പിറന്നത്. ഇവരുടെ കൂടെ ഒരുമിച്ച്, എങ്ങനെ പള്ളിയുടെ ഇടനാഴിയിലൂടെ നടക്കും എന്നതായിരുന്നു പെഡ്രോയെ അലട്ടിയ തലവേദന. ഇതിനായി ഒടുവിൽ നൊസ സെനോറയിലെ ദേവാലയത്തിൽ പ്രത്യേക സജ്ജീകരണങ്ങളാണ് ഒരുക്കിയത്.



## ചുഴലിക്കാറ്റിൽ ചുറ്റിക്കറങ്ങാം



യു.എസിലെ ഒക്‌ലഹോമയിലെ തുൾസ നഗരമധ്യത്തിൽ ഇനി ചുഴലിക്കാറ്റു വീശുന്ന പ്രതീതിയായിരിക്കും. എന്നുവച്ചു ഭയപ്പെടാനില്ല. കാരണം മറ്റൊന്നുമല്ല. കിൻസ്ലോവ്, കെയ്ത്ത് ആൻഡ് റ്റോഡ് എന്ന ആർകിടെക്ചർ കമ്പനി രൂപകല്പന ചെയ്യുന്ന ഒരു ബഹുനിലമന്ദിരമാണിത്.

ഈ അംബരചുംബിയുടെ രൂപം ചുഴലിക്കാറ്റിനു സമാനമായിരിക്കും. കാലാവസ്ഥാ മ്യൂസിയം, കാലാവസ്ഥാ ഗവേഷണ കേന്ദ്രം എന്നിവയ്ക്കു പുറമേ മുകളിലെ നിലയിൽ കറങ്ങുന്ന ഭക്ഷണശാലയും ഈ മന്ദിരത്തിൽ ഉണ്ടാവും. തുൾസായുടെ കാലാവസ്ഥാ ദിശാസൂചികയായിരിക്കും ഇതെന്നാണു ആർകിടെക്ട് ജിം ബോൾവേർ പറയുന്നത്. മറ്റൊരു നഗരത്തിനും ഇത്തരമൊരു കെട്ടിടം ഇല്ല. നഗരത്തിന്റെ മുഖച്ഛായ മാറ്റിമറിക്കാനാണ് ഈ ആശയം കൊണ്ടുവന്നത്.

തങ്ങളുടെ ചുഴലിക്കാറ്റ് നാശത്തിന്റേതല്ല, മറിച്ചു ജനോപകാരപ്രദവും വെറൈറ്റിയുമാണെന്നു ശിൽപികൾ അഭിമാനത്തോടെ പറയുന്നു.

**വേദാഭിമാനി**
**വായിക്കുക–പ്രതികരിക്കുക**

**ടൈറ്റസ് കാർത്തികപ്പള്ളി**
കേരള–690516
✆9847232598
✆9847990939
vedabhimani@gmail.com

## പഗയിലെ മുതലകൾ



മുതലകളെ ദൂരെ നിന്നുകാണാൻ കൊള്ളാം. അടുത്തു ചെന്നാൽ നമ്മെ കടിച്ചെടുത്തതു തന്നെ! വാലുകൊണ്ട് ഒരു അടി കിട്ടിയാലും മതി ആളിന്റെ പണിതീരാൻ. എന്നാൽ പടിഞ്ഞാറൻ ആഫ്രിക്കയിലെ ഈ മുതലകളെ നിങ്ങൾ പേടിക്കുകയേ വേണ്ട. അവർ ഒട്ടും ആക്രമണകാരികളല്ല.

ഘാനയിലെ പഗ എന്ന സ്ഥലത്തുള്ള ഒരു ജലാശയത്തിലാണ് 'പഞ്ചപാവത്താ'ന്മാരായ മുതലകളുള്ളത്. പഗയിലെത്തുന്ന വിനോദസഞ്ചാരികൾ മുതലകളുടെ അടുത്ത് വരും. തൊട്ടും തലോടിയും അവയുടെ പുറത്ത് കയറിയിരുന്നും മുതലകളോട് അല്പനേരം കമ്പനിയടിച്ചിട്ടേ തിരിച്ചുപോകാറുള്ളു.

## കുടയും ഒരാഭരണം

പാരസോൾ (parasol), സൺഷെയ്ഡ്, ബ്രോളി (brolly), പാരാപ്ലൂയി (parapluie) റെയിൽ ഷെയിഡ്, ഗാംപ് (gamp) ബമ്പർഷൂട്ട് (bumber shoot) ഈ പേരുകളൊക്കെ പരിചയമുണ്ടോ? ഇതെല്ലാം കുടയുടെ വിവിധ പേരുകളാണ്.



ചൈന, ജപ്പാൻ, കൊറിയ, മലേഷ്യ, തായ്‌ലന്റ് തുടങ്ങിയ രാജ്യങ്ങളിലെ പ്രിയതാരമാണിത്. മഴയോ വെയിലോ ഏൽക്കാതിരിക്കാനല്ല ആളുകൾ ഇവ ചൂടി നടക്കുന്നത്. മറിച്ച് വിവാഹവേളകളിലും മറ്റ് ആഘോഷങ്ങളിലും ഒരു ആഭരണംപോലെ ചൂടുന്ന കുടയാണിത്!

| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs.150 \| മറ്റ് രാജ്യങ്ങൾ – Rs.2000 | വേദാഭിമാനി, കേരള 690516 |

# സമാധാനവും നമ്മുടെ ആരോഗ്യവും

യഹൂദസമൂഹത്തിൽ ആളുകൾ പരസ്പരം അഭിവാദ്യം ചെയ്തിരുന്നത് 'നിങ്ങൾക്ക് സമാധാനം ഉണ്ടാകട്ടെ' (ഷാലോം ലിക്കാ) എന്നാണ്. നിങ്ങളുടെ ജീവിതത്തിൽ സ്വർഗാനുഭവം ഉണ്ടാകട്ടെ എന്നാണ് അതുകൊണ്ട് അർത്ഥമാക്കിയിരിക്കുന്നത്. എബ്രായ ഭാഷയിലെ ഷാലോം സുറിയാനിയിൽ ശ്ലോമോ എന്ന് ഉച്ചരിച്ചു. അറബിഭാഷയിൽ സലാം എന്നും.

ശാലോം പറഞ്ഞ് അഭിവാദ്യം ചെയ്യുന്ന വിവിധ സന്ദർഭങ്ങൾ വേദപുസ്തകത്തിലുണ്ട്. ദൈവദൂതൻ മറിയാമിനെ കാണുമ്പോൾ (ലൂക്കോസ് 1:28) ശാലോം പറയുന്നുണ്ട്. ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാരെ കാണുമ്പോൾ ശാലോം പറയുന്നു (യോഹ.20:25). വീടുകളിൽ ചെല്ലുമ്പോൾ ശാലോം അലൈക്കും (നിങ്ങൾക്ക് സമാധാനം) എന്നു പറയണം എന്ന് യേശു തന്റെ ശിഷ്യന്മാർക്ക് നിർദ്ദേശം നൽകുന്നു (മത്തായി 10:12). യേശുവിനെ കാണിച്ചുകൊടുത്ത യൂദാ 'ശാലോം' പറഞ്ഞ് അഭിവാദ്യം ചെയ്തുകൊണ്ടാണ് യേശുവിനെ ചുംബിക്കുന്നത് (മത്തായി 26:49). ഒരാൾ മറ്റൊരാളെ യാത്ര അയക്കുമ്പോഴും ശാലോം പറയാറുണ്ട്. യേശുതമ്പുരാൻ സൗഖ്യം നൽകിയവരെ യാത്രയാക്കുന്നത് 'സമാധാനത്തോടെ പോകുക' എന്നു പറഞ്ഞാണ് (മർക്കോസ് 5:34).

നമ്മുടെ ജീവിതത്തിൽ ശാലോം (സമാധാനം-സ്വർഗാനുഭവം) ഉണ്ടാക്കുന്ന ഒരു പ്രക്രിയയാണ് നമ്മുടെ ആരാധന. ആരാധനയിൽ ബോധപൂർവ്വം പങ്കെടുക്കുന്നവർ സ്വർഗ്ഗാനുഭവത്തോടു കൂടിയാണ് മടങ്ങുന്നത്. പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് ദൈവത്തെ സ്തുതിക്കുകയും കരുണയ്ക്കായി യാചിക്കുകയും ചെയ്യുമ്പോൾ ദൈവവുമായി നിരപ്പാകുന്നു. അവിടെ സമാധാനം ഉണ്ടാകുന്നു. കലഹത്തിന്റെ വിപരീതമായാണ് സമാധാനത്തെ നാം മനസ്സിലാക്കുന്നത്. ബന്ധങ്ങളിലുണ്ടാകുന്ന വിഘ്ലനകളും പിരിമുറുക്കങ്ങളുമാണ് കലഹങ്ങളുണ്ടാക്കുന്നത്. മനുഷ്യർ തമ്മിലുള്ള കലഹങ്ങൾ മാറി സമാധാനം വരുന്നത് ബന്ധങ്ങൾ സുഘടിതമാകുമ്പോഴാണ്. സമൂഹങ്ങൾ (സമുദായങ്ങൾ, രാജ്യങ്ങൾ) തമ്മിലും കലഹങ്ങൾ ഉണ്ടാകും. കലഹം രാജ്യങ്ങൾ തമ്മിൽ ആകുമ്പോൾ അതിനെ യുദ്ധം എന്നു വിളിക്കും. പരസ്പരം കലഹത്തിലേർപ്പെട്ടിരിക്കുന്ന രണ്ടു കൂട്ടർ കലഹം നിർത്തി അനുരഞ്ജനപ്പെടുമ്പോൾ അഥവാ നിരപ്പാകുമ്പോൾ അവർക്കിടയിൽ സമാധാനം ഉണ്ടാകുന്നു.



കലഹം ഉണ്ടാകുന്നതു മനുഷ്യർ തമ്മിലും മനുഷ്യസമൂഹങ്ങൾ തമ്മിലും മാത്രമല്ല. മനുഷ്യനു ദൈവത്തോടുള്ള കലഹത്തെപ്പറ്റിയും തിരുവെഴുത്തുകളിൽ നാം വായിക്കുന്നു. അതിന്റെ ഫലമായി മനുഷ്യനും പ്രകൃതിയും തമ്മിലും കലഹം ഉണ്ട്. എല്ലാ തലങ്ങളിലുമുള്ള കലഹത്തിന് കാരണം മനുഷ്യന്റെ ബുദ്ധിശൂന്യതയും നിരുത്തരവാദപരമായ പെരുമാറ്റവുമാണ്.

കലഹം മനുഷ്യന്റെ ഉള്ളിലും ഉണ്ടാകും. മനുഷ്യൻ ഉണ്ടായിരിക്കുന്നത് വിവിധ ഘടകങ്ങൾ ചേർന്നാണ് - ശരീരവും, മനസ്സും, ആത്മാവും. ശരീരം തന്നെ ഒട്ടേറെ ഘടകങ്ങൾ ചേർന്നാണ് ഉണ്ടായിരിക്കുന്നത്. മനസ്സിനുമുണ്ട് പല ഘടകങ്ങൾ. ഈ വിവിധ ഘടകങ്ങൾ ഒന്നുചേർന്ന് പരസ്പരം സഹകരിച്ചും ആശ്രയിച്ചും പോകാൻ പ്രയാസം വരുമ്പോഴെല്ലാം മനുഷ്യന്റെ ഉള്ളിൽ കലഹങ്ങൾ ഉണ്ടാകുന്നു. ഈ കലഹങ്ങളുടെ പ്രകടനങ്ങളാണ് ശരീരത്തിന്റെയും മനസ്സിന്റെയും രോഗങ്ങൾ.

നമ്മുടെ ശരീരത്തിന്റെ ആരോഗ്യം പരിപാലിക്കുന്നതിനായി നാം പല കാര്യങ്ങളും ചെയ്യുന്നുണ്ട്. പതിവായി വ്യായാമം ചെയ്യുന്നു. ശരീരവും വസ്ത്രവും വീടും പരിസരവും ശുചിയായി സൂക്ഷിക്കുന്നു. സമീകൃതമായ ആഹാരം ആവശ്യത്തിന് ഭക്ഷിക്കുന്നു. പതിവായി ആവശ്യത്തിന് ഉറങ്ങുന്നു. മാത്രവുമല്ല എന്തെങ്കിലും അസുഖം ഉണ്ടെന്ന് തോന്നിയാൽ അതിനുവേണ്ട ചികിത്സ തേടുന്നു. ഈ കാര്യങ്ങളെല്ലാം മുറയ്ക്ക് ചെയ്യുന്നതുകൊണ്ടാണ് നമ്മുടെ ശരീരം സാമാന്യം ആരോഗ്യത്തോടെ ഇരിക്കുന്നത്. ഇതിൽ ഏതെങ്കിലും ഒന്നു തെറ്റിച്ചാൽ ആരോഗ്യം താറുമാറായതു തന്നെ.

നമ്മുടെ ശരീരത്തേക്കാൾ എത്രയോ പ്രധാനമാണ് നമ്മുടെ ഉള്ളിലുള്ള മനസ്സ്. മനസ്സിന്റെ ഒരു വാഹനം മാത്രമാണ് ശരീരം. ശരീരത്തെപ്പോലെ മനസ്സിനും വ്യായാമം ആവശ്യമുണ്ട്. ശരീരത്തെപ്പോലെ മനസ്സിനെയും വൃത്തിയായി സൂക്ഷിക്കേണ്ടതുണ്ട്. ശരീരത്തിന് ഉറക്കം എന്നതുപോലെ മനസ്സിനും വിശ്രമം ആവശ്യമാണ്. മനസ്സിനും വേണം ആഹാരം. അസുഖമുണ്ടെങ്കിൽ മനസ്സിനും വേണം ചികിത്സ.

മനസിന്റെ ശുദ്ധീകരണത്തെപ്പറ്റി പറയുമ്പോൾ ഒരു സംഭവം ഓർമ വരുന്നു. ഈയിടെ ഞാൻ ഒരു സ്വപ്നം കണ്ടു. ഒരു പരീക്ഷ അടുത്തുവരുന്നുണ്ടെന്നും അതിനു ഞാൻ വേണ്ടതുപോലെ ഒരുങ്ങിയിട്ടില്ലെന്നും ഉള്ള ഒരു ഭയം - അതായിരുന്നു എന്റെ സ്വപ്നം. ഉണർന്നപ്പോൾ ഏതു പരീക്ഷയെപ്പറ്റിയായിരുന്നു എന്റെ സ്വപ്നം എന്ന് ഓർക്കാൻ ശ്രമിച്ചു. ഈ അടുത്ത കാലത്തൊന്നും ഭയത്തോടെ അങ്ങനെ ഒരു പരീക്ഷ എഴുതിയതായി ഓർക്കാൻ കഴിഞ്ഞില്ല. പിന്നെ ഏതു പരീക്ഷയെപ്പറ്റിയായിരുന്നു സ്വപ്നം? എന്റെ ബാല്യത്തിൽ ഞാൻ എഴുതിയ ഏതോ പരീക്ഷയെപ്പറ്റി എനിക്കുണ്ടായിരുന്ന ഒരു അങ്കലാപ്പാണ് അനേക വർഷങ്ങൾക്കു ശേഷം ഒരു സ്വപ്നമായി പുറത്തുവന്നിരിക്കുന്നത് എന്നാണ് ഞാൻ അനുമാനിക്കുന്നത്. അങ്ങനെയെങ്കിൽ ഞാൻ അറിയാത്ത എന്തെല്ലാം ഭയങ്ങളും നിരാശകളും അങ്കലാപ്പുകളും എന്റെ മനസ്സിന്റെ അടിത്തട്ടിൽ ഞാൻ അറിയാതെ കിടപ്പുണ്ടാവും? കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിൽ നിന്നു ഇവയെല്ലാം എന്റെ മനസ്സിനെ തടയുകയായിരുന്നിരിക്കണം.

മനസ്സിനെ ആരോഗ്യത്തോടെ പരിരക്ഷിക്കുന്നതിന് നമ്മുടെ പൂർവ്വികർ വളരെ പ്രാധാന്യം നൽകിയിരുന്നു. അതിനു പറ്റിയ ഒരു വ്യായാമ-ശുദ്ധീകരണ പദ്ധതിയാണ് നമ്മുടെ ആരാധന എന്നു കരുതുന്നതിൽ തെറ്റില്ല. ആരാധനയിലൂടെ ശുദ്ധീകരണം സാധ്യമാകുന്നു. ശരീരത്തിന്റെയല്ല, മനസ്സിന്റെ ശുദ്ധീകരണം.

ഒരു ഡിഷ്‌വാഷർ പോലെയാണ് നമ്മുടെ ആരാധന എന്നു സങ്കല്പിക്കുക. അഴുക്കായ പാത്രങ്ങൾ ഒരു ഡിഷ്‌വാഷറിൽ അടുക്കി വയ്ക്കുന്നു. അല്പം സോപ്പ് പൊടിയിട്ട് ഡിഷ്‌വാഷർ പ്രവർത്തിപ്പിക്കുന്നു. ഏതാണ്ട് അര മണിക്കൂർ കഴിയുമ്പോൾ അതിനുള്ളിലെ പാത്രങ്ങൾ എല്ലാം വൃത്തിയായിരിക്കും. നാം ദൈവസന്നിധിയിലേക്ക് വരുന്നത് അഴുക്കായ പാത്രങ്ങളെപ്പോലെയാണ്. അഴുക്ക് നമ്മുടെ മനസ്സിലാണ്. "ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കണമേ" എന്ന പ്രാർത്ഥനയോടെ നാം നമ്മുടെ ബോധവിചാരഹൃദയങ്ങളെ ദൈവസന്നിധിയിൽ അർപ്പിക്കുമ്പോൾ ഹൃദയശുദ്ധിയുള്ളവരായി നാം പുറത്തുവരുന്നു. മനുഷ്യമനസ്സുകളെ ശുദ്ധീകരിക്കുന്ന ഒരു മൈന്റ് വാഷർ ആണ് ആരാധന. മനുഷ്യമനസ്സുകളെ ശുദ്ധീകരിക്കുന്ന മഹാപ്രക്രിയ.

ഒരു ബാർബറുടെ മുമ്പിൽ തല നിശ്ചലമാക്കി വച്ചുകൊടുക്കുന്നതുപോലെ, നമ്മുടെ മനസ്സിനെ ദൈവമുമ്പാകെ നിശ്ചലമാക്കി വച്ചു കൊടുക്കേണ്ടതാണ്. എന്നാലേ ശുദ്ധീകരണം നടക്കൂ. അവിടെയും ഇവിടെയും പറന്നു നടക്കുന്ന മനസ്സിന് ശുദ്ധീകരണം സംഭവിക്കുകയില്ല.

നിങ്ങൾ ഒരു ഡോക്ടറെ കാണാൻ ചെല്ലുന്നു എന്നു സങ്കൽപ്പിക്കുക. 'എന്താ വന്നത്' എന്നു ഡോക്ടർ ചോദിക്കുന്നു. 'ഏയ് എനിക്ക് അസുഖമൊന്നുമില്ല' എന്നാണ് നിങ്ങളുടെ മറുപടിയെങ്കിൽ ഡോക്ടർ എന്തു പറയും? 'പിന്നെ എന്തിനാണ് എന്റെ സമയം മെനക്കെടുത്താൻ ഇങ്ങോട്ട് വന്നത്' എന്നാവും. തനിക്ക് എന്തോ അസുഖമുണ്ട് എന്നു ബോധ്യമുള്ളവരാണ് ഒരു ഡോക്ടറുടെ അടുക്കൽ വരുന്നത്. അതുപോലെ തന്റെ മനസ്സിന് അശുദ്ധി ഉണ്ട് എന്നു ബോധ്യമുള്ളവരാണ് അതിന്റെ ശുദ്ധീകരണത്തിനായി ദൈവസന്നിധിയിൽ വരുന്നത്. ആ ബോധ്യം ഇല്ലാതെ ദൈവസന്നിധിയിൽ എത്തിയാൽ അവർക്ക് ശുദ്ധീകരണം സംഭവിക്കയില്ല. അതിന്റെ നല്ല ഉദാഹരണമാണ് ഒരു പരീശനും ചുങ്കക്കാരനും ദൈവസന്നിധിയിൽ എത്തുന്ന കഥ. 'പാപിയായ എന്നോടു കരുണയുണ്ടാകണമേ' എന്ന് ചുങ്കക്കാരൻ പ്രാർത്ഥിച്ചു. തന്റെ മനസ്സിൽ അശുദ്ധി ഉണ്ട് എന്ന ബോധ്യം അയാൾക്ക് ഉണ്ടായിരുന്നു. അതുകൊണ്ട് അയാൾ ശുദ്ധീകരിക്കപ്പെട്ടു. താൻ ഒരു നീതിമാൻ ആണെന്ന് അവകാശപ്പെട്ട പരീശനു തന്റെ മനസ്സിൽ അശുദ്ധി ഉണ്ട് എന്ന ബോധ്യം ഇല്ലായിരുന്നു. അതുകൊണ്ട് ശുദ്ധീകരണം സംഭവിക്കാതെ അയാൾ വീട്ടിലേക്കു മടങ്ങി. മനസ്സിൽ അശുദ്ധിയുണ്ട് എന്ന ബോധ്യത്തിൽ നിന്നാണ് യഥാർത്ഥ പ്രാർത്ഥന ഉയരുന്നത്. ചുങ്കക്കാരന്റെ പ്രാർത്ഥനയാണ് അത്. മുടിയനായ പുത്രന്റെ പ്രാർത്ഥനയും അതുതന്നെ.

മനസിന് ശുദ്ധീകരണം സംഭവിക്കണമെങ്കിൽ വേണ്ടപോലെ ആരാധനയിൽ സംബന്ധിക്കണം. ആരാധനയിൽ സംബന്ധിക്കുമ്പോൾ പ്രധാനമായും രണ്ടു കാര്യങ്ങളിലാണ് ശ്രദ്ധിക്കേണ്ടത്. ഒന്ന്, മനസ് നിശ്ചലമാക്കി ദൈവസന്നിധിയിൽ അർപ്പിക്കണം. രണ്ട്, തന്റെ മനസ്സിൽ അശുദ്ധി ഉണ്ട് എന്ന ബോധ്യം വേണം. അനുതാപത്തോടെ ദൈവസന്നിധിയിൽ വന്ന് ശുദ്ധീകരണം പ്രാപിക്കുമ്പോൾ ഹൃദയത്തിൽ സമാധാനം നിറഞ്ഞു കവിയുന്നു. മനുഷ്യന്റെ ഉള്ളിൽ സമാധാനമുണ്ടാകുമ്പോൾ ആരോഗ്യമുണ്ടാകുന്നു. ശരീരമനസ്സുകൾക്ക് ആരോഗ്യമുണ്ടാകുമ്പോൾ സമാധാനമുണ്ടാകുന്നു. അതുപോലെ സമാധാനമുള്ള ഒരു സമൂഹം ആരോഗ്യമുള്ള സമൂഹമാണ്. സമാധാനമുള്ള കുടുംബം ആരോഗ്യമുള്ള കുടുംബമാണ്.

എല്ലാ കലഹങ്ങളും മാറി സമ്പൂർണ സമാധാനം കൈവരുമ്പോൾ അവിടെ ആരോഗ്യപൂർണ്ണമായ അവസ്ഥ സംജാതമാകുന്നു. സമ്പൂർണ സമാധാനം എന്ന അവസ്ഥയുടെ പേരാണ് സ്വർഗം. സ്വർഗരാജ്യം ഭൂമിയിൽ വരിക എന്നു പറഞ്ഞാൽ സമ്പൂർണ സമാധാനം ഭൂമിയിൽ വരിക എന്നാണ് അർത്ഥം. ആ അവസ്ഥയുടെ മറ്റൊരു പേരാണ് ഏദൻതോട്ടം. ഏദൻതോട്ടത്തിൽ എല്ലാ ബന്ധങ്ങളും സുഘടിതമാണ്. അവിടെ മനുഷ്യർ തമ്മിലും ദൈവവും മനുഷ്യനും തമ്മിലും, മനുഷ്യനും പ്രകൃതിയും തമ്മിലും സമാധാനം പുലരുന്നു. മനുഷ്യരുടെ ഉള്ളിലും സമാധാനമുണ്ട്.

കലഹങ്ങൾ മാറി സമാധാനം പുലരുമ്പോൾ അവിടെ സന്തോഷവും സ്നേഹവും നീതിയും എല്ലാം ഉണ്ടാകും. അതുകൊണ്ടാണ് സ്വർഗരാജ്യം നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും ആണെന്ന് പൗലോസ് അപ്പോസ്തോലൻ പ്രസ്താവിച്ചത്.







**ഒ**രിടത്ത് ഒരു കാക്കയുണ്ടായിരുന്നു. എപ്പോഴും "കാ കാ" എന്ന് ചിലച്ചുകൊണ്ട് സന്തോഷത്തോടെ പാറി നടക്കും. താനാണ് ലോകത്തിലെ ഏറ്റവും ഭാഗ്യവാൻ എന്ന് അവൻ കരുതി. ഒരു ദിവസം കാക്ക ഒരു അരയന്നത്തെ കണ്ടു. കാക്ക അരയന്നത്തോട് പറഞ്ഞു: "ഇതുവരെ കരുതിയത് ഞാനാണ് ഈ ലോകത്തെ ഏറ്റവും വലിയ ഭാഗ്യവാൻ എന്നാണ്. എന്നേക്കാൾ ഭംഗിയുള്ള നീയാണ് ലോകത്തെ ഏറ്റവും വലിയ ഭാഗ്യവാൻ!" ഇതു കേട്ടപ്പോൾ അരയന്നം പറഞ്ഞു: "അങ്ങനെ തന്നെയാ ഞാനും കരുതിയിരുന്നത്, കഴിഞ്ഞ ദിവസം ഒരു തത്തയെ കാണുന്നതുവരെ. പച്ചത്തൂവലുകളും കഴുത്തിൽ ചുവന്ന വളയവുമുള്ള ആ തത്തയെ കാണാൻ എന്ത് ഭംഗിയാണെന്നോ?"

ഇതുകേട്ട് കാക്ക തത്തയുടെ അടുത്തെത്തി. അപ്പോൾ തത്ത പറഞ്ഞു: "ലോകത്തെ ഏറ്റവും വലിയ ഭാഗ്യമുള്ള പക്ഷി ഞാനാണെന്നായിരുന്നു കരുതിയിരുന്നത്. എന്നാൽ ലോകത്തുള്ള എല്ലാ നിറങ്ങളും ഉള്ള മയിലാണ് ലോകത്തെ ഏറ്റവും ഭാഗ്യമുള്ള പക്ഷി!"

ഇതുകേട്ട് കാക്ക മയിലിനെ തേടി ഇറങ്ങി. കുറേ അന്വേഷിച്ചുനടന്ന് ഒടുവിൽ ഒരു മൃഗശാലയിലെ കൂട്ടിൽ ഒരു മയിലിനെ കണ്ടു. അപ്പോൾ മയിലിനെ കാണാൻ ധാരാളം പേർ അവിടെ നിൽപ്പുണ്ടായിരുന്നു. അവരെല്ലാം മയിലിന്റെ ഭംഗികണ്ട് അത്ഭുതംകൂറി. ഇതു കണ്ട് കാക്ക മയിലിന്റെ അടുത്തെത്തിയിട്ട് പറഞ്ഞു: "ചങ്ങാതി, ലോകത്തിലേക്കും ഏറ്റവും സുന്ദരനും ഭാഗ്യവാനുമായ പക്ഷി നീ തന്നെ. ദിവസവും എത്ര പേരാണ് നിന്നെക്കണ്ട് ആസ്വദിക്കാൻ വരുന്നത്. എന്നെക്കണ്ടാലോ ആളുകൾ "ശൂ ശൂ" എന്ന് ബഹളം വച്ച് ഓടിക്കും!"

ഇതുകേട്ട് മയിൽ പറഞ്ഞു: "ശരിയാണ് ലോകത്തിലെ ഏറ്റവും സുന്ദരനായ പക്ഷി ഞാൻ തന്നെയാണ്. എന്നാൽ എന്റെ സൗന്ദര്യംതന്നെ എനിക്ക് ശാപമായില്ലേ? എന്റെ ഭംഗികണ്ടിട്ടാണല്ലോ ആളുകൾ എന്നെ പിടിച്ച് കൂട്ടിലിട്ടിരിക്കുന്നത്!" ഒന്നു നിർത്തിയിട്ട് മയിൽ തുടർന്നു: "ലോകത്തുള്ള മിക്കവാറും എല്ലാ പക്ഷികളും ഈ മൃഗശാലയിലെ കൂടുകളിലുണ്ട്. കാക്ക ഒഴികെ! ഒരു കാക്കയായിരുന്നു ഞാൻ എങ്കിൽ ആകാശത്തിലൂടെ സ്വാതന്ത്ര്യത്തോടെയും സന്തോഷത്തോടെയും പറന്നുനടക്കാൻ ഭാഗ്യമുള്ള ഒരു പക്ഷിയായിരുന്നേനേ എന്ന് ഞാൻ ഓർത്തുപോയി."

മയിലിന്റെ വാക്കുകൾ കേട്ടപ്പോഴാണ് താൻ കാണാത്ത തന്റെ ഭാഗ്യത്തെപ്പറ്റി കാക്കയ്ക്ക് മനസ്സിലായത്. മറ്റുള്ളവരുമായി താരതമ്യം ചെയ്ത് സ്വന്തം ഭാഗ്യം കാണാതെ സങ്കടപ്പെട്ട് നടക്കുന്നത് നല്ലതല്ലെന്ന് കാക്കയ്ക്ക് മനസ്സിലായി.



## കുട്ടികളുടെ ഫെയ്സ്ബുക്ക്!

**ഒ**ഴിവുസമയം ഫെയ്സ്ബുക്കിൽ ചെലവിടാനാണോ പരിപാടി? എന്നാൽ കേട്ടോളൂ, പതിമൂന്നുവയസ്സാവാതെ ഫെയ്സ്ബുക്കിൽ ചേരാനാവില്ല. വയസ്സ് കൊടുക്കുമ്പോൾ കള്ളത്തരം കാണിക്കുന്നതും ശരിയല്ല. മുതിർന്നവർക്ക് മാത്രം യോജിച്ചതാണ് ഫെയ്സ്ബുക്ക്.

അപ്പോൾപ്പിന്നെ എന്തുചെയ്യും? വിഷമിക്കേണ്ട, കുട്ടികൾക്ക് മാത്രമായും സോഷ്യൽ മീഡിയ വെബ്സൈറ്റുകൾ ഇന്റർനെറ്റിലുണ്ട്! കൂട്ടുകാരോട് സല്ലപിക്കുന്നതോടൊപ്പം ഗെയിം കളിക്കുകയും ഫോട്ടോ പങ്കുവയ്ക്കുകയുമെല്ലാം ചെയ്യാം. അത്തരത്തിലുള്ള ചില വെബ്സൈറ്റുകളിതാ:yoursphere.com, jabbersmack.com, kidzworld.com




ഉഗ്രനൊരു യൂട്യൂബ് ചാനലാണ് ഇത്തവണ പരിചയപ്പെടുത്തുന്നത്. ആർക്കും ഇഷ്ടപ്പെടുന്ന ഒരു ചാനൽ!

ചില സാധനങ്ങൾ ഉപയോഗിക്കുമ്പോഴെങ്കിലും അതെങ്ങനെ ഉണ്ടാക്കുന്നു എന്ന് അത്ഭുതപ്പെട്ടിട്ടില്ലേ? ഉദാഹരണത്തിന്, വിസിൽ, അതിന്റെയുള്ളിലുള്ള ഉണ്ട എങ്ങനെയാവും ഉള്ളിലേക്കിട്ടിട്ടുണ്ടാവുക എന്ന് ആരുമൊന്ന് ചിന്തിച്ചുപോവും. ഇത്തരം നൂറുനൂറു സംശയങ്ങൾക്ക് ഉത്തരം തന്നുകൊണ്ടാണ് 'ഹൗ ഇറ്റ് ഈസ് മെയ്ഡ്' എന്ന ടെലിവിഷൻ പരമ്പര വന്നത്. ഓരോ വസ്തുവിന്റെയും നിർമ്മാണരഹസ്യം കാണിച്ചുതരുന്ന ഈ പരിപാടി ഡിസ്കവറി ചാനലിൽ കൂട്ടുകാർ കണ്ടിരിക്കും.

യൂട്യൂബിൽ ഈ പരിപാടിയുടെ ഔദ്യോഗിക ചാനലുണ്ട്. how it's made എന്ന് യൂട്യൂബിൽ സേർച്ച് ചെയ്താൽ ഈ ചാനൽ കിട്ടും. നൂറുകണക്കിന് വീഡിയോകളുള്ള ഇവിടെനിന്ന് ഇഷ്ടമുള്ളവ സേർച്ച് ചെയ്ത് കാണാം. യൂട്യൂബ് ഡൗൺലോഡറുകൾ ഉപയോഗിച്ച് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കുകയുമാവാം.

## FUNTIME

Teacher : Can you see God?
Student : No.
Teacher: Can you touch God?
Student : No.
Teacher : Then there is no God.
Student: Can you see your brain?
Teacher: No.
Student: Can you touch your brain?
Teacher: No.
Student: Ok, So you don't have a brain!

In life, first use paste and then coffee.
But in computer, first copy and then paste.



# വ്യസന പുത്രന്മാർ



ടി.എം. വർഗ്ഗീസ് ഓതറ

## മാന്യനായ യബ്ബേസ്

"യബ്ബേസ് തന്റെ സഹോദരന്മാരേക്കാൾ ഏറ്റവും മാന്യൻ ആയിരുന്നു. അവന്റെ അമ്മ: ഞാൻ അവനെ വ്യസനത്തോടെ പ്രസവിച്ചു എന്നു പറഞ്ഞു അവനു യബ്ബേസ് എന്നു പേരിട്ടു. യബ്ബേസ് യിസ്രായേലിന്റെ ദൈവത്തോട്: നീ എന്നെ നിശ്ചയമായി അനുഗ്രഹിച്ചു എന്റെ അതിർ വിസ്താരമാക്കുകയും നിന്റെ കൈ എന്നോടുകൂടെ ഇരുന്നു അനർത്ഥം എനിക്കു വ്യസനകാരണമായി തീരാതവണ്ണം എന്നെ കാക്കുകയും ചെയ്താൽ കൊള്ളായിരുന്നു എന്നു അപേക്ഷിച്ചു. അവൻ അപേക്ഷിച്ചതിനെ ദൈവം അവന്നു നൽകി (1 ദിന.4:9–10)."

യബ്ബേസ് ദൈവത്തോടു കഴിച്ച അപേക്ഷ അഥവാ പ്രാർത്ഥനയാണ് മുകളിൽ ഉദ്ധരിച്ചത്. രണ്ടു വാക്യങ്ങളിൽ ഒതുങ്ങി നിൽക്കുന്ന യബ്ബേസിന്റെ പ്രാർത്ഥനയിൽ നിന്നും മനസ്സിലാകുന്നത് ദൈവം അവനെ തന്റെ സഹോദരന്മാരേക്കാൾ ഏറ്റവും മാന്യനാക്കി എന്നതാണ്. തന്റെ അമ്മ അവനെ വ്യസനത്തോടെ പ്രസവിച്ചു എന്നു പറഞ്ഞ് അവനിട്ട പേരാണ് 'യബ്ബേസ്' എന്ന്. യബ്ബേസ് എന്ന പേരിന്റെ അർത്ഥം വ്യസനപുത്രൻ എന്നാകയാൽ യബ്ബേസിനെ വ്യസനപുത്രൻ എന്ന് സ്വന്തക്കാരും മറ്റുള്ളവരും വിളിച്ചിരിക്കാം.

യബ്ബേസിന്റെ മാതാവിനെക്കാൾ അതികഠിനവേദനയോടെ ജന്മം നൽകിയ രണ്ടു വ്യക്തികളെപ്പറ്റി ചൂണ്ടിക്കാണിക്കട്ടെ.

**ബന്യാമീൻ:** യാക്കോബ് ഏറ്റവും അധികം സ്നേഹിച്ച ഭാര്യയായിരുന്നു റാഹേൽ. റാഹേലിനുവേണ്ടി നീണ്ട പതിന്നാലു വർഷക്കാലം തന്റെ അമ്മാവിയപ്പനായ ലാബാനെ യാക്കോബ് സേവിക്കേണ്ടതായി വന്നു. പകൽ വെയിൽകൊണ്ടും രാത്രി ശീതംകൊണ്ടും വേണ്ടത്ര ഉറക്കവും വിശ്രമവും ഇല്ലാതെ ലാബാനെ സേവിച്ച വിവരം താൻ വിവരിച്ചു പറയുന്നതു ചിന്തിച്ചാൽ (ഉല്പ. 31:39–40) ഒരു അടിമയേക്കാൾ ക്ലേശകരമായ ജീവിതമായിരുന്നു യാക്കോബ് ലാബാന്റെ വീട്ടിൽ നയിച്ചിരുന്നതെന്ന് മനസ്സിലാക്കാം.

റാഹേൽ യോസേഫിനെ പ്രസവിച്ചശേഷം യാക്കോബ് ലാബാനോട്: ഞാൻ എന്റെ പിതാക്കന്മാരുടെ ദേശത്തക്കു മടങ്ങി പോകുവാൻ അയയ്ക്കേണമെന്നും, ഞാൻ നിന്നെ ഈ ദീർഘ ഇരുപതു വർഷക്കാലം സേവിച്ചതിന്റെ പ്രതിഫലമായ എന്റെ ഭാര്യമാരെയും മക്കളെയും എനിക്കു തരേണം എന്നു പറഞ്ഞു. എന്നാൽ യാക്കോബിനെ പറഞ്ഞയയ്ക്കുവാൻ ലാബാൻ വിസമ്മതിച്ചു. നമ്മെക്കൊണ്ട് കഠിനവേല ചെയ്യിപ്പിച്ച് ഈ ലോകത്തിനും ലോകാധിപതിക്കും ജീവിതകാലം മുഴുവൻ അടിമയായി കഴിയുവാനാണ് 'ലോകാധിപതി' ആഗ്രഹിക്കുന്നത്. എന്നാൽ ദൈവം അരുളിച്ചെയ്ത പ്രകാരം യാക്കോബ് തന്റെ ഭാര്യമാരെയും മക്കളെയും ആടുമാടുകളുമായി ലാബാന്റെ ഭവനത്തിൽനിന്നും ഓടി കനാൻദേശത്തേക്കു യാത്രയായി. യാക്കോബ് ഓടിപ്പോയി എന്നു ലാബാനു അറിവു കിട്ടിയപ്പോൾ താൻ തന്റെ സഹോദരന്മാരുമായി പുറപ്പെട്ട് ഏഴു ദിവസത്തെ വഴിക്കുശേഷം ഗിലെയാദ് പർവ്വതത്തിൽ യാക്കോബിനെ കണ്ടുമുട്ടി. ലാബാൻ യാക്കോബിനോടു പറയുന്നത് ശ്രദ്ധിക്കുക: നിങ്ങളോടു ദോഷം ചെയ്‌വാൻ എന്റെ പക്കൽ ശക്തി ഉണ്ട് (ഉല്പ. 31:29), എങ്കിലും യാക്കോബിനോടു ഗുണമെങ്കിലും ദോഷമെങ്കിലും ചെയ്യാതിരിപ്പാൻ സൂക്ഷിച്ചുകൊൾക എന്നു നിങ്ങളുടെ പിതാവിന്റെ ദൈവം കഴിഞ്ഞ രാത്രി എന്നോടു കല്പിച്ചിരിക്കുന്നു എന്നു പറഞ്ഞു. നോക്കുക, ലാബാന്റെ ശക്തിയെപ്പറ്റി താൻ എടുത്തു പറഞ്ഞിരിക്കുന്നത്. ദൈവമക്കൾക്കും ദൈവത്തിന്റെ ദാസന്മാർക്കും ദോഷം ചെയ്യുവാൻ ശത്രുവിനു കഴിയുമെങ്കിലും നമ്മുടെ ദൈവത്തിന്റെ പരിപാലനവും ഇടപെടലും തന്റെ ജനത്തിന്മേലുണ്ടെന്നുള്ളത് എത്ര സന്തോഷകരമാണ്. (തുടരും)

# തകരുന്ന പ്രസ്ഥാനങ്ങൾ

സാജൻ നങ്ങ്യാർകുളങ്ങര

**അ.പ്ര. 27–ാം** അദ്ധ്യായത്തിൽ പൗലോസ്, ചില തടവുകാരുമായി ഒരു കപ്പൽ യാത്ര നടത്തുന്നത് കാണാൻ കഴിയും. ഈ യാത്രയിൽ കപ്പൽ ദാരുണമായി കടലിൽ തകർന്നു പോയി. എന്നാൽ തകർന്ന കപ്പലിന്റെ അവശേഷിച്ച പലകകളിൽ പിടിച്ച് പൗലോസും കൂട്ടരും നീന്തി രക്ഷപെട്ടു കരയിൽ കയറി. പൗലോസും കൂട്ടരും യാത്ര ചെയ്ത കപ്പൽ, ഇന്നത്തെ പ്രസ്ഥാനങ്ങൾക്ക് നിഴലായി നിൽക്കുന്നു.

ഈ കപ്പലിൽ ആരെല്ലാം ഉണ്ടെന്ന് നോക്കാം (അ.പ്ര.27:11) ശതാധിപനുണ്ട്, മാലുമ്യരുണ്ട്, കപ്പലുടമയുണ്ട്, തടവുകാരുണ്ട്, പൗലോസും ഉണ്ട്. ഇന്നത്തെ "ദൈവസഭകൾ" എന്നറിയപ്പെടുന്ന പ്രസ്ഥാനങ്ങളിലും ഈ കൂട്ടർ എല്ലാം ഉണ്ട്. ശതാധിപൻ-പ്രസ്ഥാനത്തെ നയിക്കുന്ന ഭരണാധിപന്മാർ, കപ്പലുടമ-പ്രസ്ഥാനത്തെ പണം കൊടുത്തു വാങ്ങിയ പ്രമാണിമാർ, പണം കൊടുത്ത് സ്വന്തം പേരിനും പ്രശസ്തിക്കുംവേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനങ്ങളുടെ ഉടമസ്ഥന്മാർ, മാലുമ്യർ – അവർ ലവൊദിക്ക്യയിലെ സഭയിലുണ്ടായിരുന്ന ഉഷ്ണവാനുമല്ല ശീതവാനുമല്ലാത്തവർ, തടവുകാർ – അത് മാനസാന്തരപ്പെടാത്തവർ, പൗലോസ് – കപ്പലിലുണ്ടായിരുന്ന ഏക അഭിഷിക്തൻ. ഇങ്ങനെ ഉള്ള സമ്മിശ്രകൂട്ടരുടെ ഒരു സംഘമാണ് ഈ പ്രസ്ഥാനങ്ങൾ. ഒരു സത്യം വിശ്വാസികൾ മനസ്സിലാക്കണം. പ്രസ്ഥാനങ്ങൾ ദൈവസഭയല്ല. രക്ഷിക്കപ്പെട്ടവരുടേയും, ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരുടേയും കൂട്ടമാണ് ദൈവസഭ (അ.പ്ര.2:47). യേശുകർത്താവ് പറഞ്ഞു "ഞാൻ എന്റെ സഭയെ പണിയും" സഭ പണിയാൻ ദൈവം മനുഷ്യന് അധികാരം കൊടുത്തിട്ടില്ല.

ഒന്നാം നൂറ്റാണ്ടിൽ ആരംഭിച്ച "ദൈവസഭ" ദൈവമാണ് പണിതത്. പരിശുദ്ധാത്മാവാണ് നിയന്ത്രിച്ചത്. എന്നാൽ പൗലോസ് യാത്ര ചെയ്ത കപ്പലിനെ ആരാണ് നിയന്ത്രിക്കുന്നത്? അഭിഷിക്തനായ പൗലോസ് ദൈവാത്മാവിൽ ആലോചന പറഞ്ഞു "പുരുഷന്മാരെ ഈ യാത്രയിൽ ചരക്കിനും കപ്പലിനും മാത്രമല്ല നമ്മുടെ പ്രാണങ്ങൾക്കും ഏറിയ നഷ്ടം വരുമെന്ന് ഞാൻ കാണുന്നു" (അ.പ്ര.27:10). എന്നാൽ കപ്പൽ നിയന്ത്രിക്കുന്ന ശതാധിപൻ ദൈവാത്മാവിന്റെ ആലോചനയേക്കാൾ കപ്പലുടമയുടേയും, മാലുമ്യരുടേയും വാക്കിന് മുൻതൂക്കം കൊടുത്തു. ഇന്നത്തെ പ്രസ്ഥാനങ്ങൾക്ക് പറ്റിയ പരാജയം ഇതാണ്. പ്രസ്ഥാനത്തെ നയിക്കുന്നത് പരിശുദ്ധാത്മാവല്ല, പണം മുടക്കുന്നവന്റേയും കമ്മറ്റിക്കാരുടേയും അഭിപ്രായപ്രകാരമാണ് പ്രസ്ഥാനങ്ങൾ മുമ്പോട്ടുപോകുന്നത്. ദൈവത്തിന്റെ പരിശുദ്ധാത്മാവിന് ഒരു റോളും ഇല്ല. പരിശുദ്ധാത്മാവ് ദുഃഖിക്കുന്നു. പൗലോസിന്റെ ആലോചന അവഗണിച്ച് യാത്ര പുറപ്പെട്ട കപ്പൽ വലിയ പ്രതികൂലത്തിലായി. ദൈവാലോചന നിരസിക്കുന്ന, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാത്ത പ്രസ്ഥാനങ്ങൾ തകരും, തകരണം.

ഒരിക്കൽ യേശുവും ശിഷ്യന്മാരുമായി ഒരു പടകിൽ യാത്ര തിരിച്ചു. ചില ചെറുപടകുകളും ഈ പടകിനെ അനുഗമിച്ചു. യാത്രമദ്ധ്യേ വലിയ ചുഴലിക്കാറ്റുണ്ടായി, തിര പടകിൽ കയറാൻ തുടങ്ങി. യേശു പടകിൽ ഉണ്ടായിരുന്നതുകൊണ്ട് ആ പടക് രക്ഷപെട്ട് അക്കരെ എത്തി. എന്നാൽ യേശു ഇല്ലാതിരുന്ന ചെറുപടകുകൾ ചുഴലിക്കാറ്റിൽ അപ്രത്യക്ഷമായി (മർക്കോസ് 4:35–37). ഇതാണ് ഇനിയും സംഭവിക്കാൻ പോകുന്നത്. ദൈവാത്മാവിനാൽ നയിക്കപ്പെടാത്ത പ്രസ്ഥാനങ്ങൾ ലോകമാം സാഗരത്തിൽ തകരാൻ പോകുകയാണ്. "ദൈവസഭ" എന്നത് അനാദികാലം മുതൽ ദൈവത്തിന്റെ തിരുഹൃദയത്തിൽ മറിഞ്ഞുകിടന്ന മർമ്മം ആയിരുന്നു. ഈ ദൈവസഭയുടെ പൂർണ്ണരൂപം ദൃശ്യമല്ല. ഈ സഭ ഇന്നും പണിയപ്പെട്ടു കൊണ്ടിരിക്കുന്നു, ഈ ദൈവസഭയുടെ പൂർണ്ണസംഖ്യ ഇതുവരേയും ആയിട്ടില്ല. യേശുകർത്താവിന്റെ മദ്ധ്യാകാശവരവിൽ എടുക്കപ്പെടുന്ന ഒരു ചെറിയ കൂട്ടമാണ് അവന്റെ മണവാട്ടി സഭ.

ഇന്ന് ഭൂമിയിൽ ദൈവം അനുവദിച്ചിട്ടുള്ളത് പ്രാദേശിക കൂടിവരവുകൾ മാത്രമാണ്. ഈ പ്രാദേശിക കൂടിവരവുകൾ പ്രാദേശികമായ നിലയിൽ തന്നെ നിലകൊള്ളണം. പ്രാദേശി കൂടിവരവുകളെ എല്ലാം ഒന്നിപ്പിച്ച് ഒരു congregation അഥവ ഒന്നിപ്പിച്ചു കൂട്ടി ഒരു പ്രസ്ഥാനമാക്കി ആ പ്രസ്ഥാനത്തിന് ഒരു ചീഫ് പാസ്റ്റർ, സെൻട്രൽ പാസ്റ്റർ, സെക്ഷൻ പാസ്റ്റർ എന്നീ നിലകളിൽ ഒരു "Hierarchy System" ദൈവം അനുവദിച്ചിട്ടില്ല. എങ്ങനെയോ നാം അറിയാതെ ഈ ലോകത്തിന്റെ (System) സംവിധാനം ദൈവസഭ എന്ന പേരിൽ പറയപ്പെടുന്ന പ്രസ്ഥാനങ്ങളിൽ കയറി. സഭയുടെ നാഥൻ ചീഫ് പാസ്റ്ററല്ല, ക്രിസ്തുവാണ്. ആട്ടിൻകൂട്ടത്തെ നയിക്കേണ്ടത് അഡ്മിനിസ്ട്രേറ്റേഴ്സ് അല്ല ഇടയന്മാരാണ്. മിസ്രയിമിലെ സകല ജ്ഞാനവും വിദ്യയും അഭ്യസിച്ച മോശയെ 40 വർഷം മരുഭൂമിയിൽ വിട്ടത് ഒരു ഇടയന്റെ ദൗത്യം പഠിക്കാനായിരുന്നു. പൗലോസ് പ്രാദേശിക കൂടിവരവുകൾ സ്ഥാപിച്ചു. എന്നാൽ ആ പ്രാദേശിക കൂടിവരവുകളെ എല്ലാം ഒന്നിപ്പിച്ച് ഒരു ഭരണഘടനയുടെ കീഴിൽ കൊണ്ടുവന്നില്ല. ഓരോ പ്രാദേശിക ചർച്ചുകളും സ്വതന്ത്രമായിരുന്നു. സ്നേഹത്തിൽ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ പ്രാദേശക കൂടിവരവുകൾ തമ്മിൽ ആകാം. കർതൃത്വം നടത്താൻ പൗലോസ് ആരേയും അനുവദിച്ചിട്ടില്ല. വെളിപ്പാട് പുസ്തകത്തിൽ ആസ്യയിലുള്ള 7 പ്രാദേശിക കൂടിവരവുകൾ (ചർച്ചസ്)ക്കാണ് പരിശുദ്ധാത്മാവ് ദൂത് കൊടുക്കുന്നത്. പ്രദേശിക കൂടിവരവുകൾ ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങൾ മാത്രമാണ്. ഓരോ അവയവങ്ങൾക്കും വ്യത്യസ്തമായ പ്രവർത്തനവും, ഉപയോഗവുമാണ്. അതുകൊണ്ടാണ് 7 പ്രാദേശിക കൂടിവരവുകൾക്ക് 7 വ്യത്യസ്തമായ ദൂത് കൊടുത്തത്. ഒരു മനുഷ്യശരീരത്തിലെ കൈയ്ക്കോ, കാലിനോ അവകാശപ്പെടാൻ പറ്റില്ല ഞാനാണ് ശരീരം എന്ന്. ഇതുപോലെ ഒരു പ്രാദേശിക കൂട്ടങ്ങൾക്കും അവകാശപ്പെടാൻ പറ്റില്ല ഞങ്ങളാണ് ദൈവസഭ എന്ന്. നാം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ ഓരോ അവയവങ്ങൾ മാത്രമാണ് എന്ന് മനസ്സിലാക്കി നമ്മേ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം നിറവേറ്റുക.

പൗലോസ് യാത്ര ചെയ്ത അനുസരണക്കേടിന്റെ കപ്പലിനെ ദൈവം മുൻപോട്ടു വിട്ടില്ല. ഇരുകടൽ ചേർന്ന ഒരു സ്ഥലത്ത് കപ്പലിന്റെ അണിയം ഉറച്ചു. മുൻപോട്ടുമില്ല പിൻപോട്ടുമില്ല. ഇതുപോലെ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്. സഭയുടെ സുവിശേഷീകരണ പ്രവർത്തനങ്ങൾ നിന്നുപോയി. ആത്മാക്കൾ സഭയിൽ വരുന്നില്ല. പെറ്റുപെരുകി സഭാവിശ്വാസികൾ വർദ്ധിക്കുന്നതല്ലാതെ പുതിയതായി ആരും സഭയിൽ കടന്നു വരുന്നില്ല (only biological growth). പ്രസ്ഥാനങ്ങൾ ആത്മീയപ്രവർത്തനങ്ങളിൽ താല്പര്യമില്ലാതെ ബഹുനില മന്ദിരങ്ങളിലേക്കും റിയൽ എസ്റ്റേറ്റ് ബിസിനസ്സിലേക്കും തിരിഞ്ഞിരിക്കുകയാണ്. കപ്പൽ തകർന്നത് കടലിലെ തിരയുടെ കേമത്താലാണ്. ദൈവം ഈ പ്രസ്ഥാനങ്ങളെ തകർക്കാൻ ലോകത്തിന് ഏൽപ്പിച്ചുകൊടുക്കും. ഇനി കുറഞ്ഞൊന്നുകഴിഞ്ഞ് ആരാധനയ്ക്ക് വിലക്കുണ്ടാകും, പ്രാർത്ഥനയ്ക്ക് വരുന്നവരെ സുവിശേഷവിരോധികൾ തടയും. സഭാഹാളുകൾ, പള്ളികൾ അവർ തകർക്കും. ഇത് സംഭവിച്ചുതുടങ്ങിയിരിക്കുന്നു.

പൗലോസ് യാത്ര ചെയ്ത കപ്പൽ തകർന്നെങ്കിലും യാത്രക്കാർക്ക് രക്ഷപെടാൻ തകർന്ന കപ്പലിന്റെ ചില പലകകൾ ലഭിച്ചു. അവർ ആ പലകകളിൽ പിടിച്ച് നീന്തി രക്ഷപെട്ടു. എന്താണീ പലകകൾ എന്ന് ഞാൻ വിശദീകരിക്കാം. ദൃശ്യമായ പ്രസ്ഥാനങ്ങൾ തകർന്നു പോയാലും, ദൈവ വചനത്തിന്റെ വള്ളിക്കും പുള്ളിക്കും മാറ്റം വരില്ല." ഈ പലകകൾ ദൈവവചനവും, അപ്പോസ്തോലിക ഉപദേശങ്ങളുമാണ്, വിശ്വാസികൾ ഈ വചനത്തിലും ഉപദേശത്തിലും അന്ത്യകാലത്ത് പിടിച്ചുനിന്നോണം. പൗലോസ് തിമൊഥെയോസിനോട് പറയുന്നു "നീ പഠിച്ചതും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക" (2 തിമൊ.3:14–15). "നിന്നെത്തന്നെയും നിന്റെ ഉപദേശത്തെയും സൂക്ഷിച്ചുകൊൾക, ഇതിൽ ഉറച്ചു നിൽക്ക അങ്ങനെ നീ ചെയ്താൽ അത് നിന്നെയും, നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും" (1 തിമൊ.4:16). വചനത്തിൽ നിലനിന്ന് വിശ്വാസത്തിനുവേണ്ടി ഓരോരുത്തരായി പോരാടണം. ദാനിയേലിന്റെ പുസ്തകത്തിൽ യഹൂദ ബാലന്മാർക്ക് വിശ്വാസത്തിന്റെ പോരാട്ടം ഉണ്ടായി, ദാനിയേലിനും വിശ്വാസത്തിന്റെ പോരാട്ടം ഉണ്ടായി. തീച്ചൂളയുടെ മുമ്പിലും, സിംഹക്കുഴിയുടെ മുമ്പിലും അവർ പ്രമാണത്തിനുവേണ്ടിയും ഉപദേശത്തിനുവേണ്ടിയും നിന്നു. തീച്ചൂളയിലും, സിംഹക്കുഴിയിലും അവർ വീണു. എന്നാൽ അഗ്നിയിൽ നാലാമനായി ദൈവം ഇറങ്ങിവന്നു. സിംഹക്കുഴിയിൽ ദൈവം തന്റെ ദൂതനെ അയച്ച് സിംഹത്തിന്റെ വായ് അടപ്പിച്ചു. നിന്റെ ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടരുത്. നീ വചനത്തിനുവേണ്ടി നിന്നാൽ വചനം നിന്നെ കാക്കും (വെളി.3:8). വിശ്വാസികൾ ഈ ദിവസങ്ങളിൽ ഉണരട്ടെ. ഒരിക്കലായി ഭരമേൽപ്പിച്ച വിശ്വാസത്തിനുവേണ്ടി പോരാടാൻ ദൈവം എല്ലാവരേയും സഹായിക്കട്ടെ.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



2014 ഒക്ടോബർ ലക്കം വേദാഭിമാനിയിൽ പ്രസിദ്ധീകരിച്ച കലാനാഥന്റെ യുക്തിവാദത്തിനുള്ള മറുപടി 7

# ദൈവം എന്ന യാഥാർത്ഥ്യവും ചിന്തിക്കേണ്ട ചില വസ്തുതകളും


## പ്രൊഫ.ടി.ജോൺ മാത്യു



കോട്ടയം ബസേലിയസ് കോളജിലും തൃശൂർ സെന്റ് അലോഷ്യസ് കോളജിലും ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്ന പ്രൊഫ. ടി.ജോൺ മാത്യു ഇപ്പോൾ മണ്ണുത്തി ബൈബിൾ സ്റ്റഡി സെന്ററിന്റെ സജീവ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.


### ചിന്ത എന്ത്, എങ്ങനെ?

"ദൈവം സർവ്വശക്തനും സർവ്വജ്ഞാനിയും സർവ്വവ്യാപിയും അരൂപിയുമാണെന്ന് എല്ലാ മതങ്ങളും പഠിപ്പിക്കുന്നു; ശരീരമില്ലാത്ത ദൈവത്തിന് തലച്ചോറ് ഉണ്ടാകുമോ? തലച്ചോറില്ലാതെ ചിന്തിക്കാനാകുമോ? ചിന്തിക്കാൻ കഴിയാത്ത ആളിന് സർവ്വജ്ഞാനിയാകാൻ പറ്റുമോ? ശരീരമില്ലാത്ത ദൈവത്തിന് വസ്തുക്കളെ ബലം പ്രയോഗിച്ച് ചലിപ്പിക്കാൻ പറ്റുമോ? ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് പടരുന്ന വ്യാപനം എന്ന അവസ്ഥ ദൈവത്തിന് എങ്ങനെയാണുണ്ടാകുന്നത്?" എന്നിത്യാദി ചോദ്യങ്ങൾ യുക്തിവാദം എന്ന നിലയിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഈ ചോദ്യങ്ങളിൽ ഉൾക്കൊണ്ടിട്ടുള്ള ആശയങ്ങൾ നമുക്കൊന്ന് പരിശോധിക്കാം.

"ചിന്തിക്കാൻ കഴിയാത്തൊരാൾക്ക് സർവ്വജ്ഞാനിയാകാൻ പറ്റുകയില്ല" എന്നും "തലച്ചോറില്ലാതെ ചിന്തിക്കാനാവുകയില്ല" എന്നും പറയുമ്പോൾ, ചിന്തിക്കുന്നത് ആൾ ആണ്, തലച്ചോറല്ല എന്നും ചിന്തിക്കുന്ന ആൾ ചിന്തിക്കുന്നതിനായി തലച്ചോറ് ഉപയോഗപ്പെടുത്തുകയാണെന്നും ചോദ്യകർത്താവ് സമ്മതിക്കുന്നു എന്നാണ് അർത്ഥം വരുന്നത്. അതായത് 'യുക്തിവാദി'യായ ചോദ്യകർത്താവിന്റെ അഭിപ്രായത്തിൽ തലച്ചോറ് സ്വയം ചിന്തിക്കുന്നില്ല എന്നു വ്യക്തമാണ്. അങ്ങനെയെങ്കിൽ ചിന്ത എന്ന പ്രവൃത്തി ചെയ്യുന്നതിനായി ചിന്തിക്കുന്ന ആൾ തലച്ചോറ് എങ്ങനെയാണ് ഉപയോഗപ്പെടുത്തുന്നത് എന്ന കാര്യം വിശദീകരിക്കാനുള്ള ഉത്തരവാദിത്തം അദ്ദേഹത്തിനുണ്ട്. പക്ഷേ ഇന്നുവരെ തലച്ചോറ് ഉപയോഗിച്ച് ഒരാൾ എങ്ങനെയാണ് ചിന്തിക്കുന്നതെന്ന് ലോകത്തിൽ ഒരൊറ്റ 'യുക്തിവാദി'യും വിശദീകരിച്ചിട്ടില്ല. ചിന്ത എന്ന പ്രക്രിയ എന്താണെന്ന് യുക്തിവാദികളോടു ചോദിച്ചാൽ കാര്യകാരണസഹിതം തൃപ്തികരമായ മറുപടി അവർ നൽകുകയില്ല. ('ചിന്ത' എന്നു പറഞ്ഞാൽ ഇന്നതാണെന്ന് ഇന്ന ശാസ്ത്രജ്ഞൻ പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞാൽ അതു തൃപ്തികരമായ കാര്യകാരണങ്ങൾ വ്യക്തമാക്കുന്ന മറുപടി അല്ല). ഈ സാഹചര്യത്തിൽ ചിന്ത എന്ന പ്രക്രിയ വാസ്തവത്തിൽ എന്താണെന്ന് അല്പം വിശദമായിതന്നെ നമുക്ക് ചിന്തിക്കാം.

### ചിന്ത എന്ന പ്രക്രിയ

രൂപാ നോട്ടുകൾ ഉൾക്കൊള്ളുന്ന പേഴ്സ് വഴിയിൽ കിടക്കുന്നതു കണ്ടാൽ എല്ലാ ആളുകളും ഒരുപോലെയല്ല പ്രതികരിക്കുന്നത് എന്നു നമുക്കറിയാം. തലച്ചോറ് സ്വയം ചിന്തിച്ച് തീരുമാനം എടുക്കുകയായിരുന്നു എങ്കിൽ പേഴ്സ് കാണുന്ന എല്ലാവരും ഒരുപോലെതന്നെ പ്രതികരിച്ചേനെ. ദ്രവ്യനിർമ്മിതമായ തലച്ചോറിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് ചിന്തിക്കുന്ന ദ്രവ്യനിർമ്മിതമല്ലാത്തതും ഓരോ മനുഷ്യന്റെയും ഉള്ളിലുള്ളതുമായ 'ഞാൻ' എന്ന ആൾ തന്റെ നീതിബോധവും, ആഗ്രഹങ്ങളും അനുസരിച്ച് ചിന്തിച്ച് തീരുമാനമെടുക്കുന്നു. അതുകൊണ്ടാണ് രൂപാനോട്ടുകൾ നിറഞ്ഞ പേഴ്സ് കളഞ്ഞുകിട്ടുന്ന വ്യത്യസ്ത വ്യക്തികളുടെ പ്രതികരണങ്ങൾ വ്യത്യസ്തമായിരിക്കുന്നത്. മനുഷ്യനിലുള്ള ദ്രവ്യനിർമ്മിതമല്ലാത്ത 'ഞാൻ' എന്ന ഘടകം (ആത്മാവ്) തലച്ചോറ് ഉപയോഗിച്ച് ചിന്തിക്കുന്നത് എങ്ങനെയാണെന്ന് ഇനി നമുക്ക് പരിശോധിക്കാം. ഒരു ഉദാഹാരണം നോക്കുക: "കാക്ക മരക്കൊമ്പിൽ വന്നിരുന്ന് ക്രാ.... ക്രാ.... എന്ന് ശബ്ദമുണ്ടാക്കുന്നു" എന്ന് ഒരാൾ നമ്മോട് പറയുന്നു എന്ന് വിചാരിക്കുക. അപ്പോൾ നമ്മുടെ തലച്ചോറിന്റെ ബോധമണ്ഡലത്തിൽ മരത്തിന്റെ രൂപവും മരക്കൊമ്പിന്മേൽ കാക്ക വന്ന് ഇരിക്കുന്ന ചിത്രവും അത് ക്രാ... ക്രാ... എന്ന ശബ്ദമുണ്ടാക്കുന്നതും എല്ലാം, ടെലിവിഷൻ സ്ക്രീനിൽ എന്നപോലെ തെളിഞ്ഞു വരുന്നു. യഥാർത്ഥത്തിൽ നമ്മുടെ കൺമുമ്പിൽ മരമോ കാക്കയോ അതുണ്ടാക്കുന്ന ശബ്ദമോ ഒന്നുമില്ല. നമ്മുടെ കൺമുമ്പിൽ കാണാത്തത് എങ്ങനെയാണ് നമ്മുടെ തലച്ചോറിന്റെ ബോധമണ്ഡലത്തിൽ തെളിഞ്ഞുവരുന്നത്? നാം ഇതിന് മുമ്പ് അനേകം മരങ്ങളേയും കാക്കകളേയും കണ്ടിട്ടുണ്ട്. അവ ഉണ്ടാക്കുന്ന ശബ്ദങ്ങൾ കേട്ടിട്ടുമുണ്ട്. ഒരു വസ്തു നാം കാണുമ്പോൾ അതിന്റെ പ്രതിബിംബം നമ്മുടെ തലച്ചോറിൽ പതിയുന്നു. ഒരു ശബ്ദം കേൾക്കുമ്പോൾ അതിന്റെയും പ്രതിരൂപം സി.ഡി.യിൽ എന്നപോലെ തലച്ചോറിൽ പതിയുന്നു. മാങ്ങാ നിറഞ്ഞു നിൽക്കുന്ന മാവ് നാം കാണുമ്പോൾ ആ മരത്തിന്റെ അനേകം ശാഖകളുടേയും ഇലകളുടേയും നൂറുകണക്കിന് മാങ്ങകളുടേയും എല്ലാം നിരവധി പ്രതിബിംബങ്ങൾ നമ്മുടെ തലച്ചോറിന്റെ ബോധമണ്ഡലത്തിൽ മസ്തിഷ്ക്കസിഗ്നൽ രൂപത്തിൽ ഒറ്റനിമിഷം കൊണ്ട് ഉണ്ടാകുന്നു. ഈ വിധത്തിൽ നാം കണ്ടിട്ടുള്ളതും കേട്ടിട്ടുള്ളതുമായ എണ്ണമറ്റ വസ്തുക്കളുടെയും, ശബ്ദങ്ങളുടെയും കോടാനുകോടി പ്രതിരൂപങ്ങൾ മസ്തിഷ്ക്കസിഗ്നലുകളുടെ രൂപത്തിൽ നമ്മുടെ തലച്ചോറിന്റെ ഉള്ളിൽ ശേഖരിക്കപ്പെട്ടിട്ടുണ്ട്. "മരക്കൊമ്പിന്മേൽ കാക്ക വന്ന് ഇരുന്നിട്ട് ക്രാ... ക്രാ... എന്ന് ശബ്ദിക്കുന്നു" എന്ന് ഒരാൾ നമ്മോട് പറയുമ്പോൾ അങ്ങനെ സംഭവിക്കുന്നതായി നാം ചിന്തിക്കുന്നു. അതിന്റെ കാരണം ആ പ്രസ്താവന നാം കേൾക്കുമ്പോൾ നമ്മുടെ തലച്ചോറിന്റെ ഉള്ളിൽ നേരത്തെ ശേഖരിക്കപ്പെട്ടിട്ടുള്ള കോടാനുകോടി വസ്തുക്കളുടെയും ശബ്ദങ്ങളുടെയും പ്രതിബിംബങ്ങളുടെ വൻശേഖരത്തിൽ നിന്ന് ഇപ്പോൾ നമുക്ക് ആവശ്യമായി വന്ന ഒരു മരത്തിന്റെയും മരക്കൊമ്പിന്റെയും കാക്കയുടെയും കാക്കയുടെ ക്രാ... ക്രാ... ശബ്ദത്തിന്റെയും മസ്തിഷ്ക്കസിഗ്നൽ രൂപങ്ങളിലുള്ള പ്രതിബിംബങ്ങളെ നാം തെരഞ്ഞെടുക്കുന്നു (Select ചെയ്യുന്നു); അതിനു ശേഷം അവയെ നാം തലച്ചോറിന്റെ ബോധമണ്ഡലത്തിലേക്ക് കൊണ്ടുവരികയും അവിടെ അവയെ സംയോജിപ്പിച്ച് നിർത്തുകയും ചെയ്യുന്നു. കാക്കയെയും മരത്തെയും മരക്കൊമ്പിനെയും ക്രാ... ക്രാ... ശബ്ദത്തെയും പ്രതിനിധാനം ചെയ്യുന്ന മസ്തിഷ്ക്കസിഗ്നലുകളെ നമ്മുടെ തലച്ചോറിന്റെ ബോധമണ്ഡലത്തിൽ സംയോജിപ്പിച്ചു നിർത്തുന്നതിന്റെ ഫലമായിട്ടാണ് "കാക്ക മരക്കൊമ്പിലിരുന്ന് ക്രാ... ക്രാ... എന്നു ശബ്ദിക്കുന്നു" എന്ന ചിന്ത നമ്മിലുണ്ടാകുന്നത്.




മേൽ ചൂണ്ടിക്കാണിച്ച പ്രകാരം ദ്രവ്യനിർമ്മിതമായ തലച്ചോറിനുള്ളിൽ സൂക്ഷിക്കപ്പെടുന്ന, നാം അറിയാനിടയായിട്ടുള്ള ലക്ഷക്കണക്കിന് വസ്തുക്കളുടെയും ശബ്ദങ്ങളുടെയും മറ്റും മസ്തിഷ്ക്ക സിഗ്നൽ രൂപത്തിലുള്ള പ്രതിബിംബങ്ങളെ ദ്രവ്യനിർമ്മിതമല്ലാത്ത നമ്മുടെ ആളത്വം, അത് വസിക്കുന്ന ശരീരത്തിനുള്ളിൽ ഇരുന്നുകൊണ്ട് അതിന്റെ ഇഷ്ടപ്രകാരം വിഘടിപ്പിക്കുകയും യോജിപ്പിക്കുകയും ഒക്കെ ചെയ്യുന്ന പ്രക്രിയയ്ക്കാണ് ചിന്ത എന്നു പറയുന്നത്. (തുടരും)



# ആദ്യം ദൈവം പിന്നെ കുടുംബം




**ബി**സിനസ് രംഗത്തു വൻ വിജയം നേടിയ ഒരു അമേരിക്കൻ വനിതയാണു മേരികേ ആഷ്. അവർ സ്ഥാപിച്ച മേരി കേ കോസ്മെറ്റിക്സ് എന്ന മൾട്ടിനാഷണൽ കമ്പനിയുടെ വാർഷിക ബിസിനസ് ഇപ്പോൾ മൂന്നുറുകോടി ഡോളറിന്റെ മുകളിലാണ്. മേരി ഈ ബിസിനസ് ആരംഭിച്ചതിനു പിന്നിൽ ഒരു കഥയുണ്ട്.

ടെക്സാസിലെ ഹോട്ട് വെൽസ് എന്ന സ്ഥലത്തു ജനിച്ച മേരി 12-ാം ക്ലാസ് പാസായി 17 വയസിൽ വിവാഹിതയായി. മേരിയുടെ ഭർത്താവ് രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുക്കാൻ യൂറോപ്പിലേക്കു പോയ അവസരത്തിൽ വീടുകളിൽ കയറിയിറങ്ങി മേരി പുസ്തകങ്ങൾ വിറ്റു. പിന്നീടു സ്റ്റാൻലി ഹോം പ്രോഡക്ട്സ് എന്ന കമ്പനിയിൽ മേരി ജോലിക്കു ചേർന്നു.

സെയിൽസ് രംഗത്തു മികച്ച പ്രകടനം കാഴ്ചവച്ചതുകൊണ്ടു കമ്പനിയിൽ മേരിക്കു സ്ഥാനക്കയറ്റം ലഭിച്ചു. എന്നാൽ മേരി ട്രെയിനിംഗ് നൽകിയ ഒരു പുരുഷനെ മേരിയുടെ മുകളിൽ കമ്പനി നിയോഗിച്ചപ്പോൾ മേരി ആ കമ്പനിയിൽ നിന്നു രാജിവച്ചു പിരിഞ്ഞു. അതിനുശേഷം ബിസിനസ് രംഗത്തു സ്ത്രീകളെ സഹായിക്കുന്നതിനായി ഒരു പുസ്തകമെഴുതുവാൻ തീരുമാനിച്ചു.

പുസ്തകം എഴുതുന്നതിനുവേണ്ടി മേരി രണ്ടു ലിസ്റ്റുകൾ തയാറാക്കി. അതിൽ ഒരു ലിസ്റ്റിൽ ബിസിനസ് രംഗത്തു മേരി ദർശിച്ച നല്ല കാര്യങ്ങൾ കുറിച്ചുവച്ചു. രണ്ടാമത്തെ ലിസ്റ്റിലാകട്ടെ കമ്പനികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായിരിക്കുന്ന കാര്യങ്ങളാണ് ഉൾപ്പെടുത്തിയത്. രണ്ടു ലിസ്റ്റും വായിച്ചു തിരുത്തലുകളും മറ്റും വരുത്തിയപ്പോൾ മേരിക്ക് ഒരു ബോധോദയം ഉണ്ടായ അനുഭവമായിരുന്നു. താൻ തയാറാക്കിയിരിക്കുന്നത് ഒരു മാതൃകാ കമ്പനിയുടെ ബിസിനസ് പ്ലാൻ ആണെന്നു മേരിക്കു തോന്നി.

തന്റെ പ്ലാനുമായി മേരി വേഗം ബിസിനസ് രംഗത്തെ അതികായരെ സമീപിച്ചു. പക്ഷേ, അവരാരും മേരിയെ പ്രോത്സാഹിപ്പിച്ചില്ല. എന്നുമാത്രമല്ല, മേരി പ്ലാൻ ചെയ്തിരിക്കുന്ന കമ്പനി ആരംഭിച്ചാൽ അതു നഷ്ടത്തിൽ കലാശിക്കുമെന്ന് അവർ മുന്നറിയിപ്പു നൽകുകയും ചെയ്തു.

എന്നാൽ മേരിയുടെ ഭർത്താവായിരുന്ന ജോർജ്ജ് ഹാലൻബെക്ക് മേരിയെ പ്രോത്സാഹിപ്പിച്ചു. അതെത്തുടർന്നു കമ്പനി തുടങ്ങുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ഈ അവസരത്തിലാണ് 21 വർഷക്കാലം മേരിയുടെ ഏറ്റവും വലിയ പ്രചോദകനായിരുന്ന ഭർത്താവ് ഹാർട്ടറ്റാക്കുമൂലം നിര്യാതനാകുന്നത്. മേരിക്ക് അപ്പോൾ 45 വയസായിരുന്നു.

ഭർത്താവിന്റെ അപ്രതീക്ഷിതമായ ഈ വേർപാടു മേരിയെ തളർത്തിയില്ല. അവർ തന്റെ മൂത്ത പുത്രനായ ജോർജിന്റെ സഹകരണത്തോടെ കമ്പനി ആരംഭിച്ചു. കമ്പനിയുടെ അന്നത്തെ മൂലധനം അയ്യായിരം ഡോളറായിരുന്നു.

ടെക്സാസിലെ ഡാള്ളസിൽ ആരംഭിച്ച കമ്പനി അതിവേഗം വളർന്നു. 2001-ൽ മേരി മരിക്കുമ്പോൾ 37 രാജ്യങ്ങളിലായി എട്ടുലക്ഷം പേര് മേരിയുടെ കമ്പനിയിൽ ജോലി ചെയ്യുന്നുണ്ടായിരുന്നു.

ബിസിനസ് രംഗത്തു വിജയിച്ച മേരി മൂന്നു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. മേരി കേ എന്ന ആത്മകഥയും മിറക്കിൾസ് ഹാപ്പൻ, യു ക്യാൻ ഹാവ് ഇറ്റ് ഓൾ എന്ന പുസ്തകങ്ങളും ബെസ്റ്റ് സെല്ലറുകളായിരുന്നു.

ആദ്യം ദൈവം, പിന്നെ കുടുംബം, അതിനുശേഷം ജോലി എന്ന മുദ്രാവാക്യമായിരുന്നു മേരിയുടേത്. ബില്യൻ ഡോളറിന്റെ ബിസിനസ് സാമ്രാജ്യം കെട്ടിപ്പടുത്തപ്പോഴും മേരി ഈ മുദ്രാവാക്യം മറന്നുപോയില്ല. എന്നുമാത്രമല്ല, ഈ മുദ്രാവാക്യമനുസരിച്ചു പ്രവർത്തിക്കാൻ മേരി തന്റെ ജീവനക്കാരെ നിരന്തരം പ്രോത്സാഹിപ്പിക്കുയും ചെയ്തു. നാം ഏതു രംഗത്തു പ്രവർത്തിക്കുന്നവരായാലും മേരിയുടെ ഈ മുദ്രാവാക്യം നാമും സ്വീകരിക്കേണ്ടതാണ്.

എന്നാൽ, നമ്മിൽ ചിലരെങ്കിലും ദൈവത്തെയും കുടുംബത്തെയും മാറ്റിവച്ചിട്ടു ചെയ്യുന്ന ജോലികൾക്കല്ലേ ഏറ്റവും വലിയ പ്രാധാന്യം നൽകുന്നത്? തീർച്ചയായും നമ്മുടെ ജോലിയും ബിസിനസും സേവനവുമൊക്കെ വിജയിക്കണം. അതിനുവേണ്ടി നാം കഠിനാദ്ധ്വാനവും ചെയ്യണം. എന്നാൽ, നമ്മുടെ ജീവിതത്തിൽ നാം ദൈവത്തിനു നൽകേണ്ട സമയം അവിടുത്തേക്കു നൽകാതെ അതു കവർന്നെടുത്തു സ്വന്തം ബിസിനസ് അല്ലെങ്കിൽ സേവനരംഗത്തു നാം വിനിയോഗിച്ചാൽ അതു വലിയ അപരാധമല്ലയോ?

സ്വന്തം ജീവിതം ദൈവത്തിനു പൂർണമായി സമർപ്പിച്ചിട്ടുള്ളവരും അവിടുത്തേക്കു നൽകേണ്ട സമയം കവർന്നെടുത്ത് അവരുടെ സേവനരംഗം വിജയിപ്പിക്കുവാൻ ശ്രമിക്കുന്നതു നാം കാണാറുണ്ടല്ലോ. കുടുംബജീവിതം നയിക്കുന്നവരെ സംബന്ധിച്ചിടത്തോളം അവരുടെ ശ്രദ്ധാകേന്ദ്രം ദൈവം കഴിഞ്ഞാൽ അവരുടെ കുടുംബമായിരിക്കണം. എന്നാൽ അവരും ദൈവത്തെ എന്നപോലെ കുടുംബത്തെയും മറന്നു പ്രവർത്തിക്കുന്നതു സർവസാധാരണമല്ലേ?

നമ്മുടെ ജീവിതത്തിലെ വിവിധകാര്യങ്ങൾക്ക് ഒരു മുൻഗണനാക്രമം ആവശ്യമുണ്ട്. നമ്മുടെ ജീവിതത്തിൽ ഏതെല്ലാം കാര്യങ്ങൾക്കാണു മുൻഗണന നൽകേണ്ടതെന്നു നാം വ്യക്തമായി അറിഞ്ഞിരിക്കണം. അതോടൊപ്പം ആ മുൻഗണനാക്രമമനുസരിച്ചു പ്രവർത്തിക്കുകയും വേണം. എങ്കിൽ മാത്രമേ ജീവിതത്തിൽ യഥാർഥ സന്തോഷം കണ്ടെത്തുവാൻ നമുക്കു സാധിക്കൂ. ദൈവത്തിനു നമ്മുടെ ജീവിതത്തിൽ പ്രഥമസ്ഥാനം നൽകണമെന്ന കാര്യത്തിൽ ആരും അഭിപ്രായവ്യത്യാസം പ്രകടിപ്പിച്ചു എന്നുവരികയില്ല. എന്നാൽ, നമ്മുടെ അനുദിന ജീവിതത്തിൽ അക്കാര്യം നാം പലപ്പോഴും വിസ്മരിച്ചുപോകുന്നു. അതുകൊണ്ടാണു നമ്മുടെ ബോധതലത്തിൽ ഇക്കാര്യം നാം കൊണ്ടുവരേണ്ടതായിട്ടുള്ളത്.

നമ്മുടെ ജീവിതസാഹചര്യം ഏതായാലും നമ്മുടെ ജീവിതത്തിലെ പ്രഥമസ്ഥാനം ദൈവത്തിനു തന്നെ നൽകാം. അതുപോലെ, രണ്ടാംസ്ഥാനം എപ്പോഴും നമ്മുടെ കുടുംബത്തിനായിരിക്കട്ടെ. അതുകഴിഞ്ഞിട്ടു മതി ജോലിയും മറ്റു സേവനങ്ങളും.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# പരിഹാരം വീട്ടിൽത്തന്നെ

ഭാര്യയും ഭർത്താവും തമ്മിൽ കലഹങ്ങൾ പതിവാണ്. പലപ്പോഴും നിസ്സാരകാര്യം ഊതിപ്പെരുപ്പിച്ച്, വൻ വഴക്കായി, വിവാഹമോചനം വരെയെത്തും. വഴക്കിടുന്ന ദമ്പതികൾക്കു പ്രോത്സാഹനം നൽകുന്ന ബന്ധുക്കൾ കൂടിയാകുമ്പോൾ പറയുകയും വേണ്ട. ആത്മാർത്ഥതയോടെ ശ്രമിച്ചാൽ ഏതു പ്രശ്നത്തിനും പരിഹാരം ദമ്പതികൾക്കു സ്വയം കണ്ടെത്താവുന്നതേയുള്ളൂ.

വഴക്കുകൂടുന്ന ദമ്പതികളെ കൂടുതൽ അകറ്റാൻ മാത്രമേ പലപ്പോഴും വീട്ടുകാരുടെ ഇടപെടൽ സഹായിക്കൂ. ഭർത്താവിന്റെ വീട്ടിൽ കഴിയുന്ന മകളെ കൂടെക്കൂടെ ഫോണിൽ വിളിച്ച് 'കുരുട്ടുബുദ്ധി' ഉപദേശിക്കുന്ന അച്ഛനമ്മമാരുണ്ട്. ഭാര്യയെ അവളുടെ വീട്ടിൽ കൊണ്ടുവിടാൻ മുതിരുന്ന മകനോട് "അതുതന്നെയാണു നല്ലത്" എന്നു നിർദേശിക്കുന്ന ബന്ധുക്കളുമുണ്ട്.

ഭർത്താവിനോടു വഴക്കിട്ടു സ്വന്തം വീട്ടിൽ താമസിക്കുന്ന മകളെ ഉപദേശിക്കാൻ ശ്രമിക്കുകയില്ല പല മാതാപിതാക്കളും. അവളെ അന്വേഷിച്ചെത്തുന്ന മരുമകനോട്, "അവളെ പോറ്റാനുള്ള കഴിവ് എനിക്കുണ്ട്" എന്ന് അവർ പറയും. പലപ്പോഴും സംസാരിച്ചു തീർക്കാവുന്ന ചെറിയ പ്രശ്നം അങ്ങനെ ഒതുക്കിനിർത്താനാവാതെ പോകുന്നു.

ജീവിതത്തിൽ ഒരു കാര്യത്തിലും തൃപ്തിയില്ലാത്തവരും പ്രശ്നം സൃഷ്ടിക്കുന്നവരുടെ മുൻപന്തിയിലാണ്. ഉള്ള ഭാഗ്യങ്ങൾ കണക്കിലെടുക്കാതെ കിട്ടാത്തതിനെയും വന്നുചേർന്നേക്കാവുന്ന നിർഭാഗ്യത്തെയും കുറിച്ച് ആവലാതിപ്പെടുന്നവർ അവരുടെ മാത്രമല്ല മറ്റുള്ളവരുടെയും ജീവിതം നരകമാക്കുകയാണ്.



ഒരു പ്രശ്നവും വന്നുകയറുന്നതല്ല, എല്ലാം നാം വരുത്തിവയ്ക്കുന്നതാണ്. മദ്യപിച്ചു വീട്ടിൽ വന്നു ഭാര്യയെയും മക്കളെയും ഉപദ്രവിക്കുന്നയാൾ പ്രശ്നം വരുത്തിവയ്ക്കുകയാണ്. അതുപോലെതന്നെയാണ് വിവാഹശേഷം മറ്റു പ്രേമബന്ധങ്ങളിൽ കുടുങ്ങുന്നവരുടെയും, നിസ്സാര കാര്യംപോലും ഊതിപെരുപ്പിച്ച് വൻ വഴക്കുണ്ടാക്കുന്നവരുടെയും കാര്യം.

പ്രശ്നമുണ്ടാക്കാൻ എളുപ്പമാണ്; പരിഹാരമാണു പ്രയാസം. മിക്ക വഴക്കുകളിലും രണ്ടുപക്ഷക്കാർക്കും കുറ്റമേൽക്കാൻ വിമുഖതയായിരിക്കും. മറ്റേയാളിൽ പഴിചാരാനാണു കൂടുതൽ പേരും ശ്രമിക്കുന്നത്. പ്രശ്നപരിഹാരത്തിനു കഠിനയത്നം തന്നെ വേണ്ടിവന്നേക്കും.

ചിലർക്കു പ്രശ്നപരിഹാരം കുറ്റം സമ്മതിപ്പിക്കലാണ്. മറ്റേയാളെക്കൊണ്ടു കുറ്റം ഏറ്റുപറയിച്ചാൽ അവർക്കു സമാധാനമായി. "കുറ്റം സമ്മതിച്ചാൽ മതി, എന്റെ പ്രശ്നം തീരും" എന്നു പറയുന്നവരുണ്ട്. പക്ഷേ ഈ പരിഹാരം ഒരിക്കലും ശാശ്വതമല്ല. ചെയ്യാത്ത കുറ്റം സമ്മതിക്കാനുള്ള വിമുഖതയാവും പങ്കാളിക്ക്. എന്നാൽ വഴക്കു തീരട്ടെ എന്നു കരുതി കുറ്റം സമ്മതിച്ചാൽ സംഗതി മറ്റൊരു വഴിക്കു തിരിയും.

"അപ്പോൾ നേരത്തെ കള്ളം പറയുകയായിരുന്നു അല്ലേ? ഇനി നിങ്ങളെ ഞാൻ എങ്ങനെ വിശ്വസിക്കും?" വീണ്ടും വഴക്ക്.

മറ്റു ചിലർ പ്രതികാരം ചെയ്തു പ്രശ്നത്തിന് അറുതികണ്ടെത്താൻ ശ്രമിക്കും. താമസിച്ചുവരുന്ന ഭർത്താവിനോടു സംസാരിക്കാതെ; സഹകരിക്കാതെയിരിക്കുന്ന ഭാര്യ അയാളിൽ വൈരാഗ്യം ജനിപ്പിക്കുകയേയുള്ളൂ. പിറ്റേ ദിവസം അയാൾ വരാൻ കൂടുതൽ വൈകുന്നു; ഭാര്യ കൂടുതൽ കോപിക്കുന്നു. അങ്ങനെ ക്രമേണ രംഗം കൂടുതൽ വഷളാവുന്നു.

പങ്കാളിയുടെ അഭിപ്രായങ്ങൾക്കു തെല്ലും വില കല്പിക്കാത്തവർ മേധാവിത്വമനോഭാവം പ്രകടമാക്കുന്നവരാണ്. ഒന്നും തുറന്നു പറയാനാവാതെ, എല്ലാം മനസ്സിലൊതുക്കിവച്ചു നീറിക്കഴിയേണ്ടിവരും പങ്കാളിക്ക്. ചെറിയ മുറിവ് അങ്ങനെ ഉണങ്ങാത്ത വ്രണമാകുന്നു.

വിവാഹമോചനം കുടുംബകലഹത്തിനു പരിഹാരമല്ല. ഒരാളുടെ പെരുമാറ്റത്തിലോ സംസാരത്തിലോ ഉള്ള ദൂഷ്യമാവും വഴക്കുകൾക്കു കാരണം. തകരാറു നേരെയാക്കാതെ മറ്റൊരു വിവാഹത്തിനു മുതിർന്നാലും ആ വിഹാഹബന്ധം ശരിയാവണമെന്നില്ല. പലപ്പോഴും വിവാഹമോചനം പ്രശ്നത്തിൽ നിന്നുള്ള ഒളിച്ചോട്ടമാണ്.

പ്രശ്നത്തിനു പരിഹാരം സ്വയം കണ്ടെത്തുകയേ മാർഗമുള്ളൂ. പുറത്തുനിന്നൊരു പരിഹാരം വന്നെത്താൻവേണ്ടി കാത്തിരിക്കുക അസാധ്യമാണ്. ഓരോ സാഹചര്യത്തിനനുസൃതമായി വേണം സാധ്യതകൾ തേടാൻ.

പ്രശ്നത്തെ അഭിമുഖീകരിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ദാമ്പത്യബന്ധത്തിൽ ചെറിയ വിള്ളലുകൾ കണ്ടാലും അങ്ങനെ യാതൊരു തകരാറുമില്ല എന്ന മട്ടിൽ നടക്കുന്നതു പ്രശ്നം കൂടുതൽ വഷളാക്കുകയേയുള്ളൂ.

എവിടെയോ തകരാറുണ്ടെന്നു കണ്ടുകഴിഞ്ഞാൽപ്പിന്നെ ഒരു സ്വയം പരിശോധനയ്ക്ക് സമയമായി. എവിടെയാണ് കുഴപ്പം എന്നു കണ്ടുപിടിക്കുക. 'ഞാൻ വിചാരിക്കുന്നത് മാത്രമാണു ശരി' എന്ന മനോഭാവം മാറ്റിവയ്ക്കണം. പങ്കാളിയുടെ അഭിപ്രായങ്ങൾക്കും ചിന്തകൾക്കും കൂടി വിലകല്പിക്കുക.

പ്രശ്നത്തിന് ഉത്തരവാദി ആരാണെന്നു കണ്ടുപിടിക്കുക, അതിൽ നിങ്ങൾക്കുള്ള പങ്ക് എത്രത്തോളമാണെന്നും. മറ്റേയാളുടെ കുറ്റം കണ്ടുപിടിച്ച് അത് ഊതിപ്പെരുപ്പിക്കുകയാണു മിക്കവരും ചെയ്യുന്നത്-ഏറ്റവും എളുപ്പമുള്ള പണി. എന്നാൽ ഇതു പ്രശ്നത്തിനു പരിഹാരമാകുന്നില്ല. മാത്രമല്ല, അതു കുറ്റപ്പെടുത്തലായി മാറുകയും ചെയ്യും. ആദ്യം സ്വയം തിരുത്തിയശേഷം മാത്രം മറ്റുള്ളവരെ തിരുത്താൻ ശ്രമിക്കുക.

സ്വന്തം തെറ്റ് കണ്ടുപിടിച്ചാൽപ്പിന്നെ അതു മാറ്റാൻ ആത്മാർത്ഥമായി ശ്രമിക്കുകയാണു വേണ്ടത്. സ്വയം മാറാതെ മറ്റുള്ളവർ മാറണമെന്നു ശഠിക്കുന്നത് ഒട്ടും ശരിയല്ല.

അവരവരുടെ അഭിപ്രായങ്ങളിൽ മുറുകെപ്പിടിച്ചു ശാഠ്യങ്ങൾ കൈവിടാതെ കലഹിക്കുന്ന ഭാര്യയും ഭർത്താവും. എരിതീയിൽ എണ്ണയൊഴിക്കാൻ മാതാപിതാക്കളും. ഇവർക്കിടയിൽപ്പെട്ടു കഷ്ടപ്പെടുന്നതു നിഷ്കളങ്കരായ കുട്ടികളും

കലഹിക്കാൻ പുറപ്പെടുന്നതിനു മുൻപ് ഒരു നിമിഷം ആലോചിക്കൂ: ഇങ്ങനെയൊരു വഴക്കുണ്ടാക്കിയിട്ട് ആർക്കാണു ഗുണം? ആർക്കാണു നഷ്ടം? നിങ്ങളുടെ ദുരഭിമാനത്തിന് ഒരു മരുന്നായേക്കാം എന്ന ഏക ഗുണം മാത്രമേയുള്ളൂ. പിന്നെ വഴക്കിനെ പ്രോത്സാഹിപ്പിച്ചു മാറിനിന്നു കൈയടിക്കുന്നവർക്ക് ഒരു നല്ല യുദ്ധം കണ്ടതിന്റെ സംതൃപ്തിയും.

നഷ്ടപ്പെടുന്നതോ? നിങ്ങളുടെയും നിങ്ങളുടെ കുഞ്ഞുങ്ങളുടെയും ജീവിതം. വഴക്കുണ്ടാക്കാൻ വാശിപിടിക്കുന്നവർ ഏറെയുണ്ടാവും. അവർക്കാർക്കും ഒന്നും നഷ്ടപ്പെടാനില്ല. അവരെല്ലാം സ്വന്ത ജീവിതം ആസ്വദിക്കുന്നവരാണ്. അതുകൊണ്ട് ഒരിക്കലും മറ്റുള്ളവരുടെ കൈയിലെ പാവകളാവരുത്. ഏതു കുടുംബപ്രശ്നത്തിനും സ്വയംപരിഹാരം കണ്ടെത്തുക. മറ്റുള്ളവരുടെ അഭിപ്രായമോ സഹായമോ അതിനാവശ്യമില്ല.

ഭാര്യഭർത്താക്കന്മാർ മനസ്സിരുത്തി വിചാരിച്ചാൽ ഏതു പ്രശ്നവും പരിഹരിക്കാം. അതിന്റെ ആദ്യപടി ഹൃദയം തുറന്നു സംസാരിക്കുകയാണ്. അപ്പോഴും ശ്രദ്ധിക്കുക-പ്രശ്നപരിഹാരത്തിനാണു നിങ്ങൾ ശ്രമിക്കുന്നത്. കരുതലോടെ സംസാരിക്കുക. കുറ്റപ്പെടുത്തലോ, വിമർശനമോ, മുൻവിധികളോ ഒന്നും നിങ്ങളുടെ ഇരുവരുടെയും സംസാരത്തെയോ പെരുമാറ്റത്തെയോ കലുഷമാക്കരുത്.

എന്തിനെക്കുറിച്ചാണ് സംസാരിക്കേണ്ടത്? സൂര്യനു താഴെയുള്ള എന്തിനെക്കുറിച്ചും എന്നേ പറയാനുള്ളൂ. ഭാര്യഭർത്താക്കന്മാർ തമ്മിൽ ഒരു മറവും വരാൻ പാടില്ലല്ലോ. ദുഃഖം, കോപം, നിരാശ, ആഹ്ലാദം അങ്ങനെ എല്ലാ വികാരങ്ങളും ദമ്പതികൾക്കു പങ്കുവയ്ക്കാം. സംസാരിക്കുമ്പോൾ പങ്കാളിയെ വേദനിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നുമാത്രം.

വഴക്കു തീർക്കാനുള്ള ശ്രമം ഇരുഭാഗത്തുനിന്നുമുണ്ടാവണം. ഒരാൾ പറയുന്നതു യാതൊരു പ്രതികരണവുമില്ലാതെ കേട്ടിരിക്കുന്നത് ആരോഗ്യകരമായ പ്രവണതയല്ല. പറയുന്നതു കേൾക്കുകയും അതിനെക്കുറിച്ച് ആത്മാർത്ഥമായി അഭിപ്രായം പറയുകയും വേണം. ഒരു ടേപ്പ് റിക്കാർഡർപോലെ മറ്റേയാളുടെ സംഭാഷണം മുഴുവൻ ഒപ്പിയെടുത്തിട്ടു പിന്നെയൊരവസരത്തിൽ വാദിക്കാൻവേണ്ടി അയാൾ പറഞ്ഞതെല്ലാം ആവർത്തിക്കുന്നതും നല്ലതല്ല.

ഭാര്യഭർത്താക്കന്മാർ വിചാരിച്ചിട്ടും പ്രശ്നം തീരുന്നില്ലെങ്കിൽ മാത്രം കൗൺസലിംഗിനു പോവുക. മൂന്നാമതൊരാളിന്റെ സാന്നിധ്യത്തിൽ, അയാളുടെ നിയന്ത്രണത്തിൽ കാര്യങ്ങൾ തുറന്ന് സംസാരിക്കുക.

എങ്ങനെയായാലും അന്യോന്യം സംസാരിച്ചാൽ മത്രമേ തകരാറു നേരെയാക്കാൻ കഴിയൂ. ഇക്കാര്യത്തിൽ അന്യരെ അധികം ആശ്രയിക്കാതെ സ്വയം പരിഹാരംകാണാൻ ശ്രമിക്കണം.

ഭാര്യയും ഭർത്താവും തമ്മിലുള്ള വഴക്കിൽ തോൽവിയും ജയവുമില്ല. രണ്ടുകൂട്ടർക്കും അല്പസ്വല്പം തോൽവി പറ്റിയേക്കും. പക്ഷേ അതവരുടെ ദാമ്പത്യജീവിതത്തിന്റെ ജയമാണ്.

ദൈവവിശ്വാസം നഷ്ടപ്പെടുന്ന വീടുകളിൽ മനുഷ്യർ ദൈവങ്ങളാകുന്നു; എല്ലാ പ്രശ്നത്തിനും വിധി കല്പിക്കാൻ മുതിരുന്നു. എന്നാൽ ദൈവഹിതത്തിനായി ഏൽപ്പിച്ചുകൊടുക്കുന്നവരിൽ സ്നേഹവും സഹകരണവും ഒത്തൊരുമയും വർധിക്കുന്നു. 'ഒന്നിച്ചു പ്രാർഥിക്കുന്ന ഭവനം ഒന്നിച്ചു വസിക്കുന്നു' എന്ന ചൊല്ലിൽ ഒട്ടും തെറ്റില്ല.

അതുപോലെ പ്രധാനമാണ് ഒന്നിച്ചു ഭക്ഷണം കഴിക്കുന്നതും. തീൻമേശയിൽ നിന്നാണു പലപ്പോഴും സ്നേഹത്തിന്റെ പങ്കിടൽ പഠിക്കുന്നത്.

പ്രശ്നപരിഹാരത്തോടു ചേർന്നുണ്ടാകേണ്ടതാണ് അന്യോന്യമുള്ള ബഹുമാനവും അഭിനന്ദനങ്ങളും, ഒന്നിച്ചുള്ള യാത്രകൾ, കളികൾ, ഒന്നിച്ചുള്ള ഉറക്കം, കൂടുതൽ നേരം സംസാരിക്കുക തുടങ്ങിയവ. ഇതിലൂടെയുള്ള കുടുംബജീവിതത്തിന്റെ കെട്ടുറപ്പ് ദൈവസാന്നിധ്യത്തിൽ കൂടുതൽ ശക്തിപ്പെടുന്നു.

പ്രശ്നം പരിഹരിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹമുള്ളവർക്കു പ്രശ്നപരിഹാരം ഒട്ടും വിദൂരമല്ല. വിദൂരമല്ലാത്ത പരിഹാരസാധ്യതകൾ കണ്ടെത്തി അത് ജീവിതത്തിൽ പ്രയോജനപ്പെടുത്തി കുടുംബജീവിതത്തിൽ പൂർണ ആനന്ദം കണ്ടെത്താൻ സ്വയം ശ്രമിക്കുകയാണു വേണ്ടത്.

**ജീവിതപ്രശ്നങ്ങൾ പങ്കുവച്ച് അതിനു പരിഹാരം കാണുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. ടൈറ്റസ് കാർത്തികപ്പള്ളി - 9847232598**

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

കർത്താവായ യേശുക്രിസ്തുവിലൂടെ ലഭ്യമായ രക്ഷ – "ജീവിതത്തിൽ സംഭവിക്കാവുന്ന വീഴ്ചകൾ മൂലം" ഭാവിയിൽ നഷ്ടപ്പെടാൻ സാധ്യതയുണ്ട് എന്ന താങ്കളുടെ ഉപദേശത്തോട് യോജിക്കുവാൻ സാധിക്കുന്നില്ല. കാരണം നിരപ്പിന്റെ ശുശ്രൂഷയിലൂടെ യേശു നമ്മെ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിർത്തിയിരിക്കുകയാണ്. കൊലോ. 1:22; എഫേ. 5:25-27. പാപത്തെക്കുറിച്ച് പിന്നെ ഓർക്കുകപോലും ഇല്ലായെന്നാണ് എബ്ര.8:12-ൽ വ്യക്തമാക്കിയിരിക്കുന്നത്. ദൈവം നീതികരിച്ചവരെ പിന്നീട് ദൈവത്തിന് തന്നെ എങ്ങനെ കുറ്റം വിധിക്കാനാകും? ഒരുവർഷത്തിലധികമായി താങ്കളോട് ഈ ചോദ്യം ഞാൻ ചോദിക്കുന്നു. ഇനിയെങ്കിലും ഇതിനൊരു മറുപടി തന്ന് സഹകരിക്കണം.

പാസ്റ്റർ സിജോ പനയ്ക്കൽ, പടയണിപ്പാറ, കാരിക്കയം, ചിറ്റാർ

**നി**യമത്തിനപ്പുറം സഞ്ചരിക്കുന്നത് പാപമാണ് (1 യോഹ.3:4); അന്യായം ചെയ്യുന്നവരും പാപികളാണ് (1 യോഹ. 5:17); അല്ലെങ്കിൽ, നന്മ ചെയ്യുവാനറിഞ്ഞിട്ട് ചെയ്യാതിരുന്നാൽ അതും പാപമാണ് (യാക്കോ.4:17).

ദൈവത്തിന്റെ നിലവാരത്തിൽ, പാപത്തെ നോക്കുമ്പോൾ, "നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല" എന്ന തീർപ്പിൽ നാം എത്തണം (റോമ.3:10). അതിനർത്ഥം നാം എല്ലാവരും ദൈവത്തിന് ഇടർച്ച വരുത്തി എന്നാണ്. നമ്മിൽ പാപം ഇല്ല എന്നോ, പാപം ചെയ്തിട്ടില്ല എന്നോ നാം പറഞ്ഞാൽ, നാം നമ്മെത്തന്നെ വഞ്ചിക്കുകയും, ദൈവത്തെ അസത്യവാദിയാക്കുകയും ചെയ്യുന്നു (1 യോഹ.1:8,10).

യേശുവാണ് നമ്മുടെ മദ്ധ്യസ്ഥൻ (1 തിമൊ.2:5). ദൈവത്തോട് സൗഹൃദത്തിലാകുന്നതിന് മദ്ധ്യസ്ഥനാകുവാൻ യേശുവിനു മാത്രമേ കഴിയുകയുള്ളു. കാരണം, അവൻ തുല്യമായി മനുഷ്യരോടും ദൈവത്തോടും ബന്ധപ്പെട്ടിരിക്കുന്നു.

നമ്മെ മനസിലാക്കുവാനും മദ്ധ്യസ്ഥത നിൽക്കുവാനുമാണ് യേശു മനുഷ്യനായി തീർന്നത്, അഥവാ നമ്മെപോലെ ആയത് (എബ്രാ.2:17). "നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ, പാപം കൂടാതെ സകലത്തിലും നമ്മെപോലെ പരീക്ഷിക്കപ്പെട്ടവനായത്" നമ്മെ അറിയുവാനായിരുന്നു (എബ്രാ.4:15). അവൻ മനുഷ്യനായില്ലെങ്കിൽ, നമ്മുടെ കുഴപ്പങ്ങൾ മനസിലാക്കി നീതിപൂർവ്വമായ മദ്ധ്യസ്ഥത നടത്തുവാൻ കഴിയുമായിരുന്നില്ല.

യേശു പിതാവിനും മനുഷ്യർക്കും ഒരുപോലെ തുല്യനായിരുന്നു. ജഡമെടുത്തതോടുകൂടെ (യോഹ.1:14) അവൻ മനുഷ്യപുത്രനായി തീർന്നു (മത്താ.9:6). അതേ സമയം അവൻ ദൈവപുത്രനുമാണ് (ലൂക്കോ.1:35). അവനു ദൈവത്തോടും മനുഷ്യരോടും ന്യായമായി മദ്ധ്യസ്ഥത നടത്തുവാൻ കഴിയും.

മനുഷ്യന്റെ പാപങ്ങൾ തന്നിൽ വഹിച്ച്, അവരുടെ പാപങ്ങൾക്കുള്ള ശിക്ഷ ഏറ്റെടുത്ത് മനുഷ്യർക്ക് ദൈവത്തോട് ഒരു സ്നേഹ ബന്ധത്തിന് യേശു വഴിയൊരുക്കി. നമ്മെ കുറ്റമില്ലാത്തവരായി നിർത്തേണ്ടതിന് മനുഷ്യപുത്രനും ദൈവപുത്രനുമായ യേശു നമ്മുടെ പാപങ്ങളെ സ്വയം ഏറ്റെടുത്തു (1 കൊരി.15:3; 2 കൊരി. 5:21; 1 പത്രോ.2:24; 3:18). അവിടുന്ന് പാപ പരിഹാരത്തിനുള്ള വഴി തുറന്നു. നമ്മെ ദൈവത്തോട് നിരപ്പിക്കുവാനും ദൈവത്തിന്റെ മക്കൾ ആക്കുവാനും യേശു വഴിയൊരുക്കി.

''നിങ്ങളെ അവന്റെ മുമ്പാകെ വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരും ആയി നിറുത്തേണ്ടതിന്നു" (കൊലോ.1:22). യേശുവിന്റെ മരണത്തിന്റെ ഉദ്ദേശം പൗലോസ് വ്യക്തമാക്കി. സകല പാപവും നീക്കപ്പെടുവാനുള്ള യാഗമായി അവന്റെ ശരീരത്തെ ഏൽപിക്കുന്നതിനാൽ, നാം വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരുമായി തീരുവാൻ യേശു വഴിയൊരുക്കി. അവൻ നമ്മെ നിരപ്പിച്ച് തന്റെ മുമ്പാകെ വിശുദ്ധരും കുറ്റമില്ലാത്തവരുമാക്കി നിർത്തി. ശുദ്ധീകരിക്കപ്പെട്ടവർ ഏതവസ്ഥയിലാണ് തന്റെ മുൻപിൽ ആകുന്നതെന്ന് പൗലോസ് മൂന്നു നാമവിശേഷങ്ങൾ ഉപയോഗിച്ചാണ് പറയുന്നത്:

1. "വിശുദ്ധർ" (ഹാഗിയോയി) നിർമ്മലതയുടെ ക്രിയാത്മക അവസ്ഥയാണ്. ആ യോഗ്യതയാണ് ലോകത്തിലെ ദുഷ്ടമനുഷ്യരിൽനിന്നു നമ്മെ വേർതിരിക്കുന്നത്. അതേ വാക്കാണ് 1:2-ൽ "വിശുദ്ധർ" എന്ന് തർജിമ ചെയ്തിരിക്കുന്ന വാക്കിനും ഉപയോഗിച്ചിരിക്കുന്നത്.

2. "നിഷ്ക്കളങ്കർ" (അമോമോയി) അർത്ഥം എന്തെന്നാൽ കറയും കളങ്കവും ഇല്ലാത്തവർ. യേശുവിന്റെ രക്തത്താൽ നിർമ്മലീകരിച്ചതിനാൽ, തെറ്റ് ഒന്നും കാണുകയില്ല. സഭയെ യേശുവിന്റെ രക്തത്താൽ ശുദ്ധീകരിച്ച് നിർമ്മലീകരിച്ചതായി പറയുന്ന വാക്ക് അമോമോയി എന്നാണ് (എഫെ.5:26,27; കൂടാതെ എഫെ.1:4; യൂദാ.24; വെളി.1:5 നോക്കുക). എബ്രായർ 9:14ലും, പത്രോസ് 1:19 ലും, അത് യേശുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നു, അവിടെ പറഞ്ഞിരിക്കുന്നത് ഊനമില്ലാത്ത കുഞ്ഞാട് ആയിട്ടാണ്. ആ വാക്ക് പുതിയ നിയമത്തിൽ മറ്റൊരിടത്തും കാണുന്നില്ല.

3. "കുറ്റമില്ലാത്തവർ" (അനെഗ്ക്ലെറ്റോയി). യേശുവിന്റെ രക്തത്താൽ അവരുടെ പാപക്കറകളെല്ലാം കഴുകി ദൈവത്തോട് നിരപ്പിച്ചതിനാൽ അവർക്ക് എതിരായി കുറ്റം ആരോപിക്കുവാൻ കഴിയുകയില്ല. പൗലോസ് മാത്രമാണ് പുതിയ നിയമത്തിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. കർത്താവിന്റെ നാളിൽ കുറ്റമില്ലാത്തവരെന്നു യേശു ഉറപ്പിച്ചുപറയുമെന്നാണ് പൗലോസ് ഊന്നി പറയുന്നത് (1 കൊരി.1:8). മൂപ്പന്മാരെയോ ശുശ്രൂഷകന്മാരെയോ തിരഞ്ഞെടുക്കുമ്പോൾ, അവർ കുറ്റമില്ലാത്തവരായിരിക്കണം എന്നു നിർദ്ദേശിച്ചിരിക്കുകയാണ് (1 തിമൊ.3:10; തിത്തൊ.1:6,7). യേശുവിന്റെ രക്തത്താൽ നിരപ്പ് ലഭിക്കുന്നതുകൊണ്ട്, ദൈവമുൻപാകെ പാപമില്ലാത്ത അവസ്ഥയിലാകുന്നതിനെകുറിച്ചാണ് ആ മൂന്നു വാക്കുകൾ പറയുന്നത്. തന്റെ മുൻപാകെ സഭയെ കറ, ചുളുക്കം എന്നിവയൊന്നുമില്ലാതെ വെടിപ്പാക്കി നിറുത്തുന്നതിനെ കുറിച്ച് പൗലോസ് പറഞ്ഞിരിക്കുന്നതും ശ്രദ്ധിക്കുക (എഫെ.5:25-27).

പ്രവൃത്തികൾ നിമിത്തം ആരും നീതിമാന്മാരായിട്ടില്ല (റോമ.3:9,10); ആർക്കും ദൈവമുൻപാകെ വ്യക്തിപരമായ വിശുദ്ധിയോ, നിഷ്ക്കളങ്കതയോ, കുറ്റമില്ലാത്ത അവസ്ഥയോ ഇല്ല. അവ യേശുവിന്റെ പ്രവൃത്തിയാൽ മാത്രമാണ് വരുന്നത്. എന്ന ആശയം പൗലോസ് വ്യക്തമാക്കിയിരിക്കുന്നു (കൊലോ.1:4; 5:27). യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടവരെയാണ് യേശു "നിഷ്ക്കളങ്കരും," "കുറ്റമില്ലാത്തവരുമായി" നിർത്തുന്നത്, നിസാരമായ കുറ്റം പോലുമില്ലാത്തവരായി പാപികളെ അവിടുന്ന് ശുദ്ധീകരിക്കും. അത് ആവശ്യമാണ് കാരണം പാപത്തിൽ ജീവിക്കുന്നവർ മരിക്കും (യോഹ. 8:21), അശുദ്ധരായവരൊന്നും സ്വർഗത്തിൽ പ്രവേശിക്കുകയുമില്ല (വെളി.21:27).

യേശു സിംഹാസനത്തിൽ ന്യായാധിപനായിരിക്കുമ്പോൾ (മത്താ.25:31,32; അ.പ്ര.17:31; 2 കൊ. 5:10; 2 തിമൊ.4:1) യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നവർക്കെതിരായി കുറ്റം വിധിക്കുവാനാവില്ല, കാരണം അവർ അവന്റെ ദൃഷ്ടിയിൽ കറയൊന്നുമില്ലാത്തവരാണ്.

**"സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്ന് നിങ്ങൾ ഇളകാതെ സ്ഥിരതയുള്ളവരായി വിശ്വാസത്തിൽ നിലനിന്നാൽ" (കൊലോ.1:23) എന്നതുംകൂടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

ഈ ലോകത്തിൽ നമ്മെ "വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരുമായി ദൈവസന്നിധിയിൽ നിർത്തണമെങ്കിൽ ജീവിതാവസാനം വരെ വിശ്വസ്തമായി വിശ്വാസത്തിൽ നിലനിൽക്കണം. സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്ന് നിങ്ങൾ ഇളകാതെ അടിസ്ഥാനപ്പെട്ടവരും സ്ഥിരതയുള്ളവരുമായി വിശ്വാസത്തിൽ നിലനിന്നുകൊണ്ടാൽ അങ്ങനെ അവന്റെ മുൻപിൽ നിൽക്കും. ("വിശ്വാസത്തിൽ" എന്ന പ്രയോഗത്തിന് ഗ്രീക്കിൽ രണ്ടു വാക്കുകളാണുള്ളത് ടെ, പിസ്ടെയി. "വിശ്വാസം" എന്നത് ഡേറ്റിവ് കേസിലാണ്. "ഇൽ" എന്നു കൂട്ടിച്ചേർത്തിരിക്കുന്നത് "തുടർച്ച" അറിയിക്കുന്നതാണ്.)

ദൈവമുമ്പാകെ കുറ്റമില്ലാത്തവരായി നിറുത്തുമെന്നത് നിബന്ധനയോടുകൂടിയാണ്. അത് ഗ്രീക്കിൽ പ്രകടിപ്പിച്ചിരിക്കുന്നത് "എയി" (എങ്കിൽ) എന്നാണ്. വിശ്വാസത്തിൽ നിലനിന്നവരെയാണ് ദൈവമുൻപാകെ കുറ്റമില്ലാത്തവരായി നിർത്തുന്നത്. ഒരിക്കൽ മാത്രമുള്ള വിശ്വാസം പോരാ. നാം വിശ്വാസത്തിൽ നിലനിന്നാൽ മാത്രമേ യേശു നമ്മെ വെടിപ്പാക്കി ദൈവമുൻപാകെ നിറുത്തുകയുള്ളു. "നല്ല പ്രവൃത്തിക്കു വേണ്ടുന്ന സ്ഥിരത പൂണ്ട് തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്കാണ് നിത്യജീവൻ ലഭിക്കുന്നത്..." (റോമ.2:7). പാപത്തിന്റെ കുറ്റമില്ലാതെ ദൈവമുൻപാകെ നിറുത്തുന്നത് വിശ്വാസം മൂലം യേശുവിനെ വിശ്വസ്തമായി പിൻപറ്റുന്നവരെയാണ്.

രക്ഷയുടെ പ്രാഥമിക നിബന്ധന എന്തെന്നാൽ അവർ ഇളകാതെ വിശ്വാസത്തിൽ ഉറച്ച് നിന്നു സുവിശേഷത്തിന്റെ പ്രത്യാശയിൽ സമർപ്പിക്കപ്പെടുവാൻ തീരുമാനിക്കണം എന്നതാണ്.

ന്യായവിധിനാളിൽ, വീണ്ടെടുക്കപ്പെട്ടവരുടെ പാപത്തെ പറ്റി പറയുകയില്ല. ദൈവം പാപങ്ങൾ ക്ഷമിക്കുമ്പോൾ, അവയെ പിന്നെ ഓർക്കുകയില്ല (എബ്രാ.8:12). യേശുവിനോടുകൂടെ നടക്കയും പാപങ്ങളെ ഏറ്റുപറയുകയും ചെയ്യുമ്പോൾ അവന്റെ രക്തം പാപങ്ങളെ തുടർച്ചയായി കഴുകിക്കൊണ്ടിരിക്കും (1 യോഹ.1:7-10).

"എങ്കിൽ" എന്നു പറഞ്ഞു പൗലോസ് എഴുതിയപ്പോൾ, പൗലോസ് അർത്ഥമാക്കിയത്, വിശ്വാസത്തിൽ തുടരാത്തവരെ വിശുദ്ധരും നിഷ്ക്കളങ്കരും, കുറ്റമില്ലാത്തവരുമായി നിറുത്തും എന്നല്ല "വിശ്വാസത്തിൽ തുടരണം" എന്നു പറയുമ്പോൾ, വിശ്വാസത്യാഗം സംഭവിക്കുമെന്നർത്ഥം. ക്രിസ്തുവിലുള്ള വിശ്വാസം തുടരുന്നവരെ ദൈവമുമ്പാകെ നിറുത്തുകയും അവൻ അവരെ സ്വീകരിക്കുകയും ചെയ്യും.

അവർ വിശ്വാസത്തിൽ തുടർന്നാൽ, "ഇളകാത്തവരും", "അടിസ്ഥാനപ്പെട്ടവരും," "സ്ഥിരതയുള്ളവരും" ആയി നിലനിന്നാൽ അവരെ ദൈവമുൻപാകെ നിറുത്തും. ക്രിസ്തുവിന്റെ ഉപദേശത്തിന്റെ കേന്ദ്രബിന്ദുവാണ് "വിശ്വാസം." പൗലോസ് വിവരിച്ച അതേ വിശ്വാസത്തിൽ നിലനിൽക്കുക എന്നതായിരിക്കണം നമ്മുടേയും ലക്ഷ്യം.

"ഇളകാതെ" (ടെതെമെലിയോ-മെനോൻ) എന്നത് സൂചിപ്പിക്കുന്നത് സ്ഥിരമായിരിക്കുകയും, ആ അവസ്ഥയിൽ തുടരുകയും ചെയ്യണം എന്നാണ്. ഭൂമിയിൽ ഒരു കെട്ടിടത്തിനോ വീടിനോ അടിസ്ഥാനമിടുന്നതുപോലെയാണ് ഇവിടെ പറഞ്ഞിരിക്കുന്നത് (മത്താ.7:25; എബ്രാ.1:10). ആത്മികമായ അർത്ഥത്തിൽ, ഒരാളുടെ ആത്മിയ ജീവിതത്തിനുള്ള ഭദ്രമായ അടിത്തറയാണത് (എഫെ.3:17).

"അടിസ്ഥാനം (ഹെഡ്റായിയോയി) ഉറച്ചിരിക്കുക എന്ന ആശയമാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. "ഇളകാതെ, സ്ഥിരമായിരിക്കുക" എന്നത് നല്ല അടിസ്ഥാനത്തിന്മേൽ പണിത ഒരു കെട്ടിടം ഉറപ്പുള്ളതായിരിക്കും എന്ന ആശയമാണ് ഇവിടെ നൽകുന്നത്. വിശ്വാസത്തിൽ തുടരുന്നവരെയാണ് ദൈവമുൻപാകെ കുറ്റമില്ലാത്തവരായി നിർത്തുന്നത്. യേശുവിന്റെ ഉപദേശത്തെ അനുസരിച്ച് ജീവിക്കുന്നവർ ഇളകാത്ത അടിസ്ഥാനത്തിൽ ജീവിക്കുന്നവരാണ്, അവർ ഉറപ്പുള്ളവരായി നിലനിന്നാൽ പരിശോധനാ സമയത്ത് അവരുടെ നില ഭദ്രമായിരിക്കും (മത്താ. 7:24-27).

സത്യത്തെ അനുസരിക്കുന്നതിനാലാണ് (1 പത്രൊ.1:22), നിർമ്മലീകരണം ഒരിക്കൽ-ആയി സംഭവിക്കുന്നത്, അപ്പോൾ എല്ലാ പാപങ്ങളും കഴുകി കളയുകയാണ് (അ.പ്ര.2:38; 22:16). വെളിച്ചത്തിൽ നടന്ന് തെറ്റുകൾ ഏറ്റുപറയുന്നവരിൽ ഈ ശുദ്ധീകരണം തുടർന്നുകൊണ്ടിരിക്കും (1 യോഹ.1:7-9). വിശ്വാസത്തിലും, തുടർച്ചയായ ശുദ്ധീകരണത്തിലും ആയിരിക്കുന്നവർ ന്യായവിധി നാളിൽ യേശുവിന്റെ മുമ്പിൽ നിൽക്കുമ്പോൾ കുറ്റമില്ലാത്തവരായിരിക്കും.

This is The Word of God
Visit us:
www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2015-17
Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

Published on 1st July 2015
Posted on 15, 16 July 2015
Posted at R.M.S. Kayamkulam



## ഒരു രാത്രി യാത്ര

അറേബ്യൻ എഴുത്തുകാരി ഷെമി വിവരിക്കുന്ന ഒരു സംഭവം ഇങ്ങനെ: അർധരാത്രിയോടടുത്ത സമയം. ബസിന്റെ ടയർ പൊട്ടി യാത്ര പാതി വഴിയിൽ. യാത്രക്കാർ എല്ലാം നടന്നകന്നു. എങ്ങോട്ടു പോകണമെന്നറിയാതെ നിൽക്കുന്ന ഷെമിയെ ഒരു കൂട്ടം ആൾക്കാർ വളയുന്നു. ഷെമിയുടെ കൈയിലും ബാഗിലും പിടിച്ചുവലിക്കുന്നു. സഹായിക്കാനല്ല, കടത്തിക്കൊണ്ടുപോകാനുള്ള വ്യഗ്രത മാത്രം. ദൈവാധീനംപോലെ ഒരു വൃദ്ധൻ എത്തുന്നു. ഷെമി അയാളോട് കള്ളം പറഞ്ഞു. അടുത്തൊരു കോൺവെന്റ് ഉണ്ട്. അവിടേക്ക് വന്നതാണെന്ന്. ഭാഗ്യം തുണച്ചതുകൊണ്ടാകാം ഒരിക്കൽപ്പോലും കണ്ടിട്ടില്ലാത്ത, കേട്ടിട്ടില്ലാത്ത കന്യാസ്ത്രീമഠത്തിലേക്ക് വൃദ്ധൻ കൊണ്ടുചെന്നാക്കുന്നു. തന്നെക്കുറിച്ച് ഒന്നും ആരായാതെ മദർ സുപ്പീരിയർ ചോദിച്ചു: കുഞ്ഞ് ആഹാരം കഴിച്ചതാണോ? ഷെമി ഇങ്ങനെ കുറിക്കുന്നു: നാലിൽ കൂടുതൽ കൂട്ടുചേർത്ത് ചോറു വാരി വായിലേക്കിടുമ്പോൾ ചുമർചിത്രങ്ങളിലേക്ക് എന്റെ കണ്ണുകൾ നടന്നു. മറിയവും യേശുക്രിസ്തുവും. കുറച്ചുകഴിഞ്ഞ് ഒരു കന്യാസ്ത്രീ എന്നെ കൂട്ടിക്കൊണ്ടു മുകളിലത്തെ നിലയിലേക്കുള്ള പടികയറി. എന്തെങ്കിലും



ചോദിക്കുമെന്ന പേടി മനസ്സിൽ. ഒരുപാട് മുറികൾ. എല്ലാവരും ഗാഢനിദ്രയിൽ. ഈ മുറിയിൽ പ്രാർഥിച്ചു കിടന്നോളൂ. അവർ പറഞ്ഞു. ചെറിയ മുറി. ശബ്ദമില്ലാത്ത നേർത്ത കാറ്റ് നൽകി കറങ്ങുന്ന ഫാൻ. വൃത്തിയുള്ള വിരിപ്പ് വിരിച്ച ബഡ്. വെടിപ്പുള്ള ടോയ്‌ലറ്റ്. മൃദുലമായ മെത്തയിൽ നീണ്ടു നിവർന്നു കിടക്കാനുള്ള ദൈവനിശ്ചയം. ശുചിത്വമുള്ള ശൗചാലയം ജീവിതത്തിൽ ആദ്യമായി ഉപയോഗിക്കാനുള്ള അവസരം. ഒരന്വേഷണവും കൂടാതെ വിശന്ന വയറിന് ആഹാരവും രക്ഷ തേടിയ ദേഹത്തിന് വിശ്രമത്തിന് ഇടവും തന്ന ഇവരല്ലേ യഥാർത്ഥ ദൈവമക്കൾ. ഇന്നലെ രാത്രിയിൽ ഞാൻ പിച്ചിച്ചീന്തപ്പെട്ട് മരിച്ചിരുന്നോ? എന്നിട്ട് എത്തപ്പെട്ടത് ഏദൻ തോട്ടത്തിലാണോ? രാവിലെ ദൈവത്തെ സ്മരിച്ചുകൊണ്ട് ഗേറ്റ് തുറന്ന് പുറത്തുകടന്നു. അപ്പോഴും പിന്നിൽനിന്നുള്ള പ്രർത്ഥനാഗീതികളുടെ ഈരടികൾ എന്റെ ചുണ്ടുകളിൽ വീണ് ആവർത്തിച്ചു. ദൈവസ്നേഹം വർണിച്ചീടാൻ വാക്കുകൾ പോരാ...

നമ്മുടെ വിശ്വാസം പ്രവൃത്തിയിൽ വെളിപ്പെട്ടാൽ പറയാതെതന്നെ ആളുകൾ നമ്മുടെ ദൈവത്തെ കണ്ടെത്തും.




☺ദൈവദാസന്മാരിലൂടെ നടക്കുന്ന അത്ഭുതങ്ങളും അടയാളങ്ങളും കണ്ട് ദൈവത്തിന് സ്തുതി അർപ്പിക്കരുതോ.

*ജെസി കുര്യൻ, ആറാട്ടുപുഴ, കോഴഞ്ചേരി*

☹**അപ്പോ.... ഈവൻമാനേജുമെന്റിന് ആര് സ്തുതി പറയും.**

☺പണ്ട് വിശ്വാസികളുടെ അതിവിശുദ്ധ വിശ്വാസമയിരുന്നു ദൈവസഭയുടെ പരസ്യം. ഇന്നോ.

*അക്സാ ചെറിയാൻ, മുളവന, കൊല്ലം.*

☹**പരസ്യം സൃഷ്ടിക്കുന്ന വിശ്വാസം.**

☺കൃപാവര പ്രാപ്തർക്ക് കൃപയുമില്ല വിശ്വാസവുമില്ലെങ്കിൽ പിന്നെ എന്താണുള്ളത്.

*ജെ.ജോസഫ്, കൊച്ചാറ, ഇടുക്കി.*

☹**ഇമ്മിണി വല്ല്യനാക്കും ആർത്തിയും അത്യാഗ്രഹവും അഹങ്കാരവുമുള്ള ആത്മാവും.**

☺ രാഷ്ട്രീയ നേതാക്കൾ ജനസമ്പർക്ക പരിപാടി നടത്തുമ്പോൾ ആത്മീയ നേതാക്കളുടെ പരിപാടി എന്താണ്.

*ഷീബാ സാമുവേൽ, പനന്തോപ്പ്, കുമ്പഴ.*

☹**പണ സമ്പർക്ക പരിപാടി.**

☺വിശ്വാസികൾ ആത്മീയ വിഷയങ്ങളിൽ അഴിയുകയാണോ മുറുകുകയാണോ.

*ഷേർളി ഫിലിപ്പോസ്, വെട്ടികോട്, കറ്റാനം.*

☹**അഴകൊഴയുകയാണ്.**

☺ഇതാ വരുന്നു ഉണർവ്വ് എന്ന് ചില അത്ഭുതവീന്മാർ പറയുന്നു. ആശ നിറവേറുമോ.

*റെജി രാജു, ഉള്ളന്നൂർ, കുളനട.*

☹**ഇനി വീശുന്ന ഏതെങ്കിലും ചുഴലികാറ്റിന് ഉണർവ്വ് എന്ന പേരിട്ട് ആശ തീർക്കുക.**

☺ജീവിതം മായയാണെന്ന് ചിലർ. യാഥാർത്ഥ്യമാണെന്ന് മറ്റു ചിലർ. ഒന്നും നല്ലതിനല്ല എന്നു ചിലർ. എല്ലാം നല്ലതിനെന്ന് മറ്റു ചിലർ. താങ്കളുടെ ആലോചനയിലുള്ള തിരിച്ചറിവ് എന്താണ്.

*വിനു ചാണ്ടി, കാരക്കോണം, നെയ്യാറ്റിൻകര*

☹**അധികം ആലോചിച്ചിരുന്നാൽ ജീവിതം കട്ടപ്പൊകയാവുമെന്ന് തിരിച്ചറിയുക.**

## ജീവിത വിജയം

മഴയുള്ള ഒരു ദിവസം സ്കോട്ട്ലാൻഡിലെ ഒരു കച്ചവടസ്ഥാപനത്തിൽ ഒരു സ്ത്രീ എത്തി. സ്ഥാപനത്തിലെ ജീവനക്കാർ നഗരത്തിൽ നടക്കുന്ന ബാസ്കറ്റ്ബോൾ മത്സരത്തിന്റെ ഫലത്തെപ്പറ്റിയുള്ള ചർച്ചയിലായിരുന്നു. സാധനം വാങ്ങാനെത്തിയ സ്ത്രീയെ ഒരു ചെറുപ്പക്കാരൻ മാത്രമാണ് സഹായിക്കാനെത്തിയത്. അവൻ സാധനങ്ങളുടെ ഗുണമേന്മയും വിലയും മറ്റും പരിചയപ്പെടുത്തി അവരെ സഹായിച്ചു.

കുറച്ചു ദിവസങ്ങൾക്കുശേഷം ഒരു വലിയ വീട് അലങ്കരിക്കുവാനുള്ള ഓർഡർ ഈ സ്ഥാപനത്തിനു ലഭിച്ചു. മഴയുള്ള ദിവസം കടയിൽ തന്നെ സഹായിച്ച യുവാവിന് ജോലിയുടെ നേതൃത്വം നൽകണമെന്ന് ഓർഡർ നൽകിയ സ്ത്രീ ആവശ്യപ്പെട്ടു. കുറച്ചുകൂടി തൊഴിൽ വൈദഗ്ധ്യമുള്ള വ്യക്തികളെ അയയ്ക്കാമെന്ന് കടയുടമ പറഞ്ഞിട്ടും അവർ സമ്മതിച്ചില്ല. അവസാനം ആ യുവാവ് കടയുടമ പറഞ്ഞതനുസരിച്ച് വീട് അലങ്കരിക്കാൻ സ്ഥലത്തെത്തി. അയാൾക്ക് അത്ഭുതമായിപ്പോയി. സ്കോട്ട്ലാൻഡിലെ കൊട്ടാരമായിരുന്നു തനിക്ക് അലങ്കരിക്കേണ്ടിയിരുന്നത്. അന്ന് കടയിൽ എത്തിയത് സ്കോട്ട്ലാൻഡിലെ രാജ്ഞിയായിരുന്നു.

ചെറിയ കാര്യങ്ങളിൽ വിശ്വസ്തരാകുമ്പോൾ വലിയ വലിയ കാര്യങ്ങളിലേക്ക് ദൈവം നമ്മെ നയിക്കും.

നമുക്ക് ചെറിയ കാര്യങ്ങളെ ഗൗരവമായി കാണാം. ചെറിയ വാക്കുകൾ, ചെറിയ സഹായങ്ങൾ എന്നിവ നിസാരമല്ല. ഏതു രംഗത്തും പൂർണമായി വിശ്വസ്തത പുലർത്തുക. എല്ലാ ചെറിയ കാര്യങ്ങളും നന്നായി ചെയ്യുക. ഉദാസീനതയും അവിശ്വസ്തതയും പരാജയത്തിലേക്കു നയിക്കും. അൽപകാര്യങ്ങളിൽ പോലും വിശ്വസ്തത പുലർത്തിയാൽ ജീവിത വിജയം നിശ്ചയമാണ്.







Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul’s Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew